


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA-PHONE: 8234

വാല്യം 6 ലക്കം 20 | 1989 ജൂൺ 16-23 | വില 1.15


# ലക്ഷങ്ങൾ വിശ്വാസികളുടെ കൈയിൽ സഭാ വികസന ഫണ്ട്: ഒരു രജതരേഖ

സ്റ്റാഫ് എഡിററർ

മലങ്കര ഓർത്തഡോക്സ് സഭയുടെ എല്ലാ തുറകളിലുമുള്ള വളർച്ചയ്ക്കും പ്രത്യേകിച്ച് പരുമലപ്പള്ളിയുടെ വികസനത്തിനും ലക്ഷ്യമിട്ടുകൊണ്ടാണ് മലങ്കര സഭാവികസന എൻഡോവ്മെൻറ് രൂപീകരിക്കുവാൻ തീരുമാനിച്ചത്.

ഏതെങ്കിലുമൊരു പ്രസ്ഥാനത്തിൻെറ പോലും വളർച്ചയ്ക്ക് നിർലോഭമായ സാമ്പത്തികലഭ്യത അത്യാവശ്യമാണ്. അങ്ങനെയിരിക്കെ ലോകത്തെമ്പാടും വളർന്നു വികസിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ അനുക്രമവും അതിദ്രുതവുമായ വികസനത്തിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചേ തീരൂ. ആ ആവശ്യം ഈ എൻഡോവ്മെൻറ് ഫണ്ട് സാക്ഷാത്ക്കരിക്കും എന്ന് വിശ്വസിക്കാം.

ഫണ്ട് ലക്ഷ്യമിട്ടിരിക്കുന്ന കാര്യങ്ങൾ വിലയിരുത്തുമ്പോൾ അതു് പ്രാവർത്തികമായാൽ സഭയ്ക്കും സമൂഹത്തിനും ഒരു വ്യതിയാനവും അതിലൂടെ ഒരപൂർവ്വ ഊർജസ്വലതയും സൃഷ്ടിക്കപ്പെടും എന്ന കാര്യത്തിൽ സംശയമില്ല.

ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്ന് അനേകായിരങ്ങൾ എത്തിച്ചേരുന്ന തീർത്ഥാടനസ്ഥാനമാണല്ലോ പരുമലപ്പള്ളി. അവിടെ എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് താമസിക്കാനും, അവരുടെ ആത്മീയാനുഷ്ഠാനങ്ങൾ നിർബാധം നടത്താനുമുള്ള എല്ലാ സജ്ജീകരണങ്ങളും ചെയ്യേണ്ടതു് ഈ കാലഘട്ടത്തിൻെറ ആവശ്യമാണ്.

സഭയുടെ മററു വികസനപ്രവർത്തനങ്ങൾ നോക്കുമ്പോൾ അവയ്ക്കും പ്രോത്സാഹനങ്ങളും പ്രചോദനവും ഇനിയും വേണ്ടിയിരിക്കുന്നു എന്നു കാണുവാൻ കഴിയും. ഇടവകജനങ്ങളുടെ ആത്മീയതയ്ക്ക് നെടുംതൂണായി വർത്തിക്കുന്ന വൈദീകരുടെ ജീവിതനിലവാരം ഉയർത്തിയെടുക്കുക, വേലയിൽനിന്ന് വിരമിച്ച വൈദികരെ ശുശ്രൂഷിക്കാനും മററും സൗകര്യങ്ങൾ ഉണ്ടാക്കുക, ആരാധനാലയങ്ങളില്ലാത്തസ്ഥലങ്ങളിൽ ദേവാലയം പണിയുവാൻ സാമ്പത്തികസഹായം അനുവദിക്കുക, വൈദിക സെമിനാരി വിപുലീകരിക്കുക, മിഷൻ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുക, അശരണരേയും ആലംബഹീനരേയും സംരക്ഷിക്കുവാൻ വേണ്ട സജ്ജീകരണങ്ങൾ ഉണ്ടാക്കുക, സന്യാസാശ്രമങ്ങളും മഠങ്ങളും വികസിപ്പിക്കുക തുടങ്ങിഒട്ടേറെ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നു. ഇവ കൂടാതെ സഭയിലെ യുവാക്കൾക്ക് പഠനത്തിനായി സ്കോളർഷിപ്പ് ഏർപ്പെടുത്തുക, വികലാംഗരായ കുട്ടികൾക്കുള്ള സ്ക്കൂളുകൾ സ്ഥാപിക്കുക, ഭവനരഹിതരായവർക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുക, എന്നിങ്ങനെ ഒട്ടേറെ കാരുണ്യപ്രവർത്തനങ്ങൾ പ്രസ്തുത ഫണ്ടിൻെറ പരിധിയിൽപ്പെടുന്നവയാണ്.

സഭയുടെ വികസത്തിനവശ്യം വേണ്ടിയിരിക്കുന്ന ഒരു സെൻട്രൽ സെക്രട്ടറിയേററ്, പള്ളിക്കെട്ടിടങ്ങൾ, പള്ളിവസ്തുവകകൾ, എന്നിവയുടെ സംരക്ഷണത്തിനാവശ്യമായ സാമ്പത്തികസഹായം നൽകുക, സഭാംഗങ്ങളുടെ ആത്മീയവളർച്ചക്കും പുരോഗതിക്കും ആവശ്യമായസൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയും സഭാ വികസന എൻഡോവ്മെൻറ് ഫണ്ടിൽ ഉൾപ്പെടും.

ഇങ്ങനെ നാനാവിധത്തിലുള്ള വികസന സാദ്ധ്യതകളെ മുമ്പിൽ കണ്ടുകൊണ്ടാണ് ഈ ഫണ്ട് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നതു്. അതുകൊണ്ടുതന്നെ ഈ ഫണ്ടിൻെറ രൂ

(ശേഷം 3-ാം പേജിൽ)

## കോട്ടയം മെത്രാപ്പോലീത്താ തിരിച്ചെത്തി

കോട്ടയം: കോട്ടയം ഭദ്രാസനത്തിൻെറ മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വിദേശപര്യടനം കഴിഞ്ഞു് തിരിച്ചെത്തി. മൂന്നുമാസത്തെ പര്യടനത്തിൽ അദ്ദേഹം ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ചു.

## പരിശുദ്ധ ബാവാ ഭദ്രാസന കേന്ദ്രങ്ങൾ സന്ദർശിക്കും

സ്ററാഫ് എഡിററർ

കോട്ടയം: ഈ വർഷത്തെ കാതോലിക്കാ ദിനപ്പിരിവ് പ: കാതോലിക്കാബാവാ ഭദ്രാസനകേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് ശേഖരിക്കുന്നു. ഓരോ ഭദ്രാസനസ്ഥാനങ്ങളിൽ നിന്നു താഴെപ്പറയുന്നതീയതികളിൽ പിരിവു് ശേഖരിക്കുന്നതാണ്. തിരുവനന്തപുരം ഭദ്രാസനം ജൂൺ 27 ചൊവ്വാഴ്ച 11-ന് കുണ്ടറ സെമിനാരി, കൊല്ലം. അന്ന് ഉച്ചകഴിഞ്ഞു് 3-ന അടൂർ കന്നം കോട്ട് സെൻറു് തോമസ് പള്ളി തുമ്പമൺ, ജൂലൈ 1 ശനി 10.30 ന് പത്തനംതിട്ട ബേസിൽ അരമന ചെങ്ങന്നൂർ, അന്ന് ഉച്ചകഴിഞ്ഞു് 3-ന് ബഥേൽ അരമന നിരണം, ജൂൺ 30 വെള്ളി 3-ന് തിരുവല്ലാ ബഥനി അരമന കോട്ടയവും, കോട്ടയം സെൻട്രൽ ഭദ്രാസനവും, 28 ബുധൻ 11-ന് കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ഇടുക്കി, 30 വെള്ളി– 12ന് സെൻറു് മേരീസ് കാതോലിക്കേററു് സെൻറർ കട്ടപ്പന, കണ്ടനാട്, അങ്കമാലി കൊച്ചി ഭദ്രാസനങ്ങളിൽനിന്നുള്ള കാതോലിക്കാ ദിനപ്പിരിവു് ജൂൺ20 ചൊവ്വ11-ന് എറണാകുളം സെൻറു് മേരീസ് പള്ളിയിൽനിന്ന് സ്വീകരിക്കുന്നു. കുന്ദംകുളം, അന്ന് വൈകുന്നേരം 5-ന് ആർത്താററ് സെൻറ്

(ശേഷം 3-ാംപേജിൽ)

## ബസ്ക്യാമ്മ അസോസ്യേഷൻ ഭാരവാഹികൾ

പരുമല: മലങ്കര ഓർത്തഡോക്സ് ബസ്ക്യാമ്മ അസോസിയേഷൻെറ ഈ വർഷത്തെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു പൗലൂസ് മാർ ഗ്രീഗോറിയോസ് (പ്രസിഡൻറു്) വൈസ് പ്രസിഡൻറു് (ഫാ: ടി. ജെ. ജോഷ്വാ) അന്നമ്മ ഈപ്പൻ (ജനറൽ സെക്രട്ടറി) ഡോ. ഏലിയാമ്മ ഐസക് (ജോയിൻറു് സെക്രട്ടറി) കൊച്ചന്നാമ്മ മത്തായി (ട്രഷറർ)എന്നിവരാ

(ശേഷം 6–ാംപേജിൽ)

# മെത്രാൻ തിരഞ്ഞെടുപ്പിനെക്കുറിച്ച് അമേരിക്കൻ വൈദിക സംഘം

അമേരിക്കൻ ഭദ്രാസന വൈദീക സംഘം സമർപ്പിക്കുന്നതു്. മലങ്കര ഓർത്തഡോക്സ് സഭയിൽ അഞ്ചു മേല്പട്ടക്കാരെക്കൂടെ വാഴിക്കുന്നതിനും അതിൻെറ തിരഞ്ഞെടുപ്പ് 1989 ഡിസംബറിൽ നടത്തുന്നതിനും തീരുമാനിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ കഴിഞ്ഞ രണ്ടു വർഷം മുമ്പ് സഭയിലുണ്ടായ ആഘാതം എന്തായിരുന്നുവെന്ന് പുനർപരിശോധന ചെയ്യേണ്ടതായിട്ടുണ്ട്. രണ്ടു വർഷങ്ങളിലായി സഭയുടെ മാസികകളായ മലങ്കരസഭ ഓർത്തഡോക്സ് യൂത്ത്, ഹെറാൾഡ് എന്നീ പ്രസിദ്ധീകരണങ്ങൾ വഴിയായി സഭയുടെ മേന്മയേയും, ശ്രേഷ്ഠതയേയും നിലനിർത്തണമെന്നാഗ്രഹിക്കുന്ന അനേകം വൈദീകരും അവൈദീകരും അവരവരുടെ അഭിപ്രായങ്ങളും ക്രിയാത്മകമായ പ്ലാനുകളും പ്രസിദ്ധീകരിച്ച് സഭയിലെ നല്ലൊരു വിഭാഗം ആളുകളും അതു് വായിക്കുകയും, മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ ജൂലൈ മാസം മുതൽ ഡിസംബർ വരെയും നടക്കുന്ന പ: സുന്നഹദോസും, മാനേജിംഗ് കമ്മററികളും, വർക്കിംഗ് കമ്മററി, പ്ലാനിംഗ് കമ്മററി, റൂൾ കമ്മററി മുതലായവകൾ ഈ തെരഞ്ഞെടുപ്പ് സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്നവകളാണ്. വിവാഹം കഴിക്കാത്ത ഏതൊരു വൈദീകനും മെത്രാൻ സ്ഥാനത്തേയ്ക്ക് സ്ഥാനാർത്ഥിയായി നില്ലാം എന്നുള്ളതിന് സഭാ ഭരണകൂടം യാതൊരു വ്യത്യാസവും നാളിതുവരെ വരുത്താഞ്ഞതു മൂലം മുമ്പുണ്ടായിരുന്ന സ്ഥാനാർത്ഥിത്തവും, മത്സരവും തുടർന്നും ഉണ്ടാകുമെന്നതിൽ സംശയിക്കേണ്ട ആവശ്യമില്ലല്ലോ. എന്നാൽ അസോസ്യേഷൻ പന്തലിൽ വരുന്ന പള്ളിപ്രതിനിധികൾ തിരഞ്ഞെടുക്കേണ്ടുന്ന സ്ഥാനാർത്ഥികളെയും അവരുടെ സഭയിലുള്ള പ്രവൃത്തിമണ്ഡലം വിദ്യാഭ്യാസം ഇടവകയോ, മററ് സ്ഥാപനങ്ങളോ സഭയുടെ ഭരണഘടനയ്ക്ക് വിധേയമായി ഭരിച്ച് അതു വഴിയായി സഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങളും സഭാപിതാക്കന്മാരുടെ കാലുകളെ പിന്തുടർന്നുള്ള പരിശീലനം എന്നീ കാര്യങ്ങൾ സ്ഥാനാർത്ഥികൾ തന്നെയാണ് സ്ഥാനാർത്ഥിത്വം സമർപ്പിക്കുന്നതെങ്കിൽ അവർ തന്നെയോ, ഏതെങ്കിലും ഭദ്രാസനങ്ങളോ മററു സ്ഥാപനങ്ങളോ ആണ് സമർപ്പിക്കുന്നതെങ്കിൽ അവരോ സഭയുടെ കേന്ദ്രത്തിന് നൽകുകയും കേന്ദ്രം അതു് സഭയുടെ മുൻപറഞ്ഞ മൂന്നു പ്രസിദ്ധീകരണങ്ങളിൽ കൂടി പ്രസിദ്ധീകരിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും, പ്രസ്തുത യോഗ്യതകളെ സ്ഥാനാർത്ഥികൾ ഉൾക്കൊള്ളുന്ന ''ഭദ്രാസന മെത്രാപ്പോലീത്താമാർ'' പഠിച്ച് ശരിയോ തെററോ എന്ന് സഭാകേന്ദ്രത്തിന് അവരുടെ അംഗീകാരം നൽകി മുമ്പോട്ടു പോകുകയും ചെയ്യണം. ഒരു സ്ഥാനാർത്ഥി ഉൾക്കൊള്ളുന്ന ഭദ്രാസനത്തിൻെറ മെത്രാപ്പോലീത്തായ്ക്ക് അംഗീകരിക്കുവാൻ സാധിക്കാത്ത ഒരു വൈദികന് ഈ സ്ഥാനത്തേയ്ക്ക് വന്നുകൂടാ. അതു് നിരോധിക്കപ്പെടണം. സഭയുടെ പ: സുന്നഹദോസ്സിൻേറയും മാനേജിംഗ് കമ്മററി അംഗങ്ങളുടേയും, ഉപരിയായി സഭയുടെ എല്ലാ വൈദികരുടേയും ചിന്തയ്ക്കും പരിഗണനയ്ക്കുമായി വിനീതപൂർവ്വം ഇതു സമർപ്പിക്കുന്നു.

അമേരിക്കൻ ഭദ്രാസന വൈദികസംഘത്തിനു വേണ്ടി

ഫാ. പി. സി. ഗീവറുഗീസ്

സെക്രട്ടറി

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 6 1989 ജൂൺ 16–23 ലക്കം 20

## ധ്യാനപീഠം

# മൂല്യാന്തരങ്ങൾ

സെമിത്തേരികളിൽപ്പോലും A B C D എന്നു തരംതിരിച്ച് വ്യത്യസ്ത 'ഫീസ്' ഈടാക്കുന്ന രീതിയിൽ 'പുതുമ'യില്ലല്ലോ. ചരിത്രാതീതകാലം മുതൽ മനുഷ്യരുടെ ഇടയിൽ വേർതിരിവുകൾ സാധാരണമാണ്. ധനപരമായ പശ്ചാത്തലം, സാമൂഹ്യമാന്യത തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യരെ വേർതിരിച്ചു കാണുക സർവ്വസാധാരണമായിട്ടുണ്ടെന്നു മാത്രമല്ല; അതിനൊരംഗീകാരവും വന്നിട്ടുണ്ട്. ദരിദ്രനും, ലളിതവസ്ത്രധാരിയും അവഗണിക്കപ്പെടുന്ന രംഗങ്ങളിൽ ധനവാനും, മോടിയായി വസ്ത്രധാരണം ചെയ്യുവനും ആദരിക്കപ്പെടുന്നു. അപ്പോൾ 'സ്ഥിതിയും' സ്ഥാനവും, പണക്കൊഴുപ്പുമൊക്കെയാശ്രയിച്ചാണ് മനുഷ്യന്റെ മൂല്യം നിർണ്ണയിക്കപ്പെടുന്നതു് എന്നു വരുന്നു.

പ്രതാപവും പണവും മനുഷ്യമനസ്സിനെയും, മൂല്യനിർണ്ണയഅളവുകോലിനെയും ബാധിക്കുമ്പോൾ മനുഷ്യത്വം തേടിയുള്ള യാത്ര അവഗണിക്കപ്പെടുന്നു. സദാചാരപരമായും തത്വശാസ്ത്രപരമായുമുള്ള പ്രഭാഷണങ്ങളിൽ യഥാർത്ഥമനുഷ്യത്വം പ്രഘോഷിക്കപ്പെടുന്നുണ്ട്. പക്ഷെ പ്രായോഗികജീവിതരംഗങ്ങളിൽ ദാരിദ്ര്യസമ്മിശ്രമായ മനുഷ്യത്വം നിസ്സാരമായിഗണിക്കപ്പെടുകയും, പണക്കൊഴുപ്പിന്റെ അകമ്പടിയുള്ള മനുഷ്യത്വഹീനത കേമമായി കരുതപ്പെടുകയും ചെയ്യുന്നുണ്ട്. ലൗകീകപ്രതാപത്തോടും സുഖസൗകര്യങ്ങളോടുമുള്ള ഒടുങ്ങാത്ത പ്രതിപത്തി മനുഷ്യമനസ്സിൽ ഉറഞ്ഞുകൂടിയിരിപ്പുണ്ട് എന്നതല്ലേ അതിന്റെ കാരണം. ലാളിത്യം, ശുചിത്വം, വിനയം, ആദരവ് എന്നിവയെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഏറെയാണ്. പക്ഷെ ഗ്രന്ഥങ്ങൾക്കു വെളിയിൽ പണവും പുറംമോടിയും ആദരവും പിടിച്ചു പററുന്നതു് സർവ്വസാധാരണമാണ്. പണത്തിന്റെ പിന്നാലെ ധനവാന്മാരും ദരിദ്രന്മാരും ഒന്നുപോലെ പായുന്നു. ധനവാനെ ശുശ്രൂഷിക്കുവാൻ ആൾ വേണ്ടുവോളം. ആജ്ഞാനുവർത്തികൾക്കു് യാതൊരു കുറവുമില്ല. ധനവാൻ പറയുന്നതു് അജ്ഞാനമായാലും അബദ്ധ പഞ്ചാംഗമായാലും അതിനെ ശ്ലാഘിക്കാൻ ആൾക്കാരേറെ; പക്ഷെ ദരിദ്രനു ചെവികൊടുക്കാനാളില്ല. ദരിദ്രന്റെ ജ്ഞാനവചനങ്ങൾക്കുപോലും കേഴ്‌വിക്കാർ ദുർലഭം.

ഇത്തരം മൂല്യാന്തരങ്ങളുടെ അലകൾ ലൗകീകസാഹചര്യങ്ങളിലും സ്ഥാപനങ്ങളിലും മാത്രമല്ല; സംഘടിത മതങ്ങളുടെ ചട്ടക്കൂടുകൾക്കകത്തും കയറിപ്പററാറുണ്ട്. പുൽക്കൂട്ടിൽ പിറന്നവൻ രാജാധിരാജാവായിരുന്നിട്ടും തന്നെ തിരിച്ചറിഞ്ഞു് ആദരിക്കാൻ തന്റെ സ്വന്തജനങ്ങളിൽനിന്നും ആരും എത്തിയില്ലല്ലോ!

ധനവാനെന്നോ ദരിദ്രനെന്നോ ഉള്ള വ്യത്യാസം കൂടാതെ യഥാർത്ഥമനുഷ്യത്വത്തെ മാനിക്കുവാൻ തയ്യാറാകുന്നവനാണ് വലിയവൻ. 'വലിപ്പം' പണത്തിലോ, സ്ഥാനത്തിലോ അല്ല, നിഷ്ക്കപടമായ മനുഷ്യത്വത്തിന്റെ ബഹിർസ്ഫുരണത്തിലാണെന്നു് അവൻ മനസ്സിലാക്കുന്നു മനുഷ്യരുടെ ഇടയിലെ വലിയവർ ദൈവമുമ്പാകെ വളരെ നിസ്സാരന്മാരും, മനുഷ്യരാൽ അവഗണിക്കപ്പെടുന്ന എളിയവർ ദൈവദൃഷ്ടിയിൽ വലിയവരുമായി വിളങ്ങുന്ന ഒരു നാൾ വരും. അന്നു് എല്ലാം വ്യക്തമാകും.

**പ്രാർത്ഥന:** ദരിദ്രനായി ജനിച്ച് എളിയവരുടെ സഹചാരിയായി ജീവിച്ച യേശു! ധനത്തിൽ ആശ്രയിക്കാതെ ജീവിക്കുന്നതിനും, ദരിദ്രന്മാരെ അവഗണിക്കാതെയിരിക്കുന്നതിനുമുള്ള അറിവ് ഞങ്ങൾക്കു തരേണമേ. ധനത്താലും ദാരിദ്ര്യത്താലും വഴി തെററാതെയിരിപ്പാൻ നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ ഉൾക്കണ്ണുകളെ പ്രകാശിപ്പിക്കേണമേ. ധനമോ ദാരിദ്ര്യമോ അല്ല, നിർമ്മല ജീവിതമാണ് അവിടുത്തെ തിരുമുമ്പാകെ വിലയുള്ളതു് എന്നു് ഞങ്ങൾ ഗ്രഹിക്കട്ടെ!

**ചിന്താവിഷയം** സദൃ. 14:20

**ഫാ. ജേക്കബ് ചെറിയാൻ**

---



# ക്രിസ്താനുകരണം

**തോമസ് എ. കെംപിസ്**

**വിവ. പ്രൊഫ. കെ. വി. തമ്പി**

ബലഹീനതയെക്കുറിച്ചുള്ള ഒരു കുമ്പസാരവും ഇഹജീവിത യാതനകളോടുള്ള പരിഗണനയും.

ശിഷ്യൻ: എന്റെ അപരാധം ഞാൻ പറഞ്ഞു, ഇതാ ഇവിടെ ഞാൻ നാഥനോടു കുമ്പസാരിക്കുന്നു.

അല്ലയോ നാഥാ, ഞാൻ എന്റെ ദൗർബ്ബല്യത്തെ നിന്നോടു ഏററുപറയും. മിക്കപ്പോഴും ഏററവും ലഘുവായ കാര്യമാണ് എന്നെ നിരാനന്ദനും ദുഃഖിതനും ആക്കുന്നതു്. സുധീരമായി കർമ്മം ചെയ്യുവാൻ ഞാൻ എന്റെ മനസ്സിനെ ഒരുക്കി, എന്നിട്ട് ഒരു ചെറിയ പ്രലോഭനം വരുമ്പോഴേയ്ക്കും ഞാൻ അനുപാതങ്ങൾക്കതീതമായ ആത്മദുഃഖത്തെ അനുഭവിക്കുന്നു. ചിലപ്പോൾ തികച്ചും അപ്രധാനമായ ഒരു കാര്യമായിരിക്കും ഗുരുതരമായ പ്രലോഭനത്തെ ഉണർത്തുക. ഞാൻ അല്പസമയത്തേക്കെങ്കിലും സുഭദ്രനാണെന്നു ചിന്തിക്കുമ്പോൾ സംഭവിക്കുന്നതെന്തെന്നു് മനസ്സിലാകും മുൻപേ ഒരു ചെറിയ കാററ് വീശി എന്നെ പൂർണ്ണമായും അടിപ്പെടുത്തുന്നു.

അല്ലയോ നാഥാ ഞാൻ നിന്റെ തിരുസന്നിധിയിൽ നിസ്വനായി ആഗമിക്കുന്നു; നീ ഇതിനകം നല്ലപോലെ അറിഞ്ഞിട്ടുള്ള ഈ ദൗർബ്ബല്യത്തെ ദർശിച്ചാലും. എന്നിൽ കരുണ കൊണ്ടാലും; ചതുപ്പിലേയ്ക്ക് മുങ്ങിപ്പോകാതെ എന്നെ രക്ഷിച്ചാലും നിത്യനിരാശയിലേയ്ക്ക് നീ എന്നെ ഉപേക്ഷിക്കരുതേ. ഞാൻ വെട്ടിവീഴ്ത്തപ്പെട്ടിരിക്കുന്നു. ഞാൻ എത്രയും എളുപ്പത്തിൽ നിപതിക്കുന്നുവെന്നും എന്റെ കാമനകളെ നിരോധിക്കുവാൻ എനിക്കൊരു കരുത്തുമില്ലെന്നും ഉള്ള ചിന്തയാൽ നിന്റെ സന്നിധിയിൽ ഞാൻ ലജ്ജാപൂർണ്ണനാകുന്നു. ഞാൻ അവയ്ക്കു് വഴങ്ങാത്തപ്പോൾ പോലും അവ എന്നെ അനുസ്യൂതം ആക്രമിക്കുന്നു. ഈ അവസ്ഥയെ ഞാൻ കഠിനമായും കാണുന്നു; ഇമ്മാതിരി അനുസ്യൂതമായ മാത്സര്യത്താൽ ഒരുവൻ ജീവിതത്തോട് മടുപ്പുള്ളവനായിത്തീരുന്നു. ഈ ബീഭത്സ ഭാവനകൾ ഒന്നും അണയുന്ന വേഗത്തിൽ ഒരിക്കലും അകലുന്നില്ല; എന്നതാണ് എന്റെ ദൗർബ്ബല്യത്തെക്കുറിച്ച് എന്നെ ബോധവാനാക്കുന്നതു്.

ഇസ്രായേലിന്റെ മഹാനായ ദൈവമേ, വിശ്വസ്താത്മാക്കളുടെ കമിതാവേ നിന്റെ ദാസന്റെ വിഷാദങ്ങളോടും വിരസാദ്ധ്വാനങ്ങളോടും കരുണ കാട്ടിയാലും; നിന്റെ ഈ ദാസൻ എവിടെയായാലും നീ അവന്റെ പാർശ്വത്തിൽ വർത്തിക്കുക. സ്വർഗ്ഗീയശക്തിയാൽ എന്നെ ബലവാനാക്കുക, അല്ലെങ്കിൽ എന്റെ പുരാതന സ്വത്വം, എന്റെ ഗർഹണീയമായ ജഡം എന്റെമേൽ കോയ്മ കൊള്ളും; എന്തെന്നാൽ എന്റെ ആത്മചൈതന്യത്തിനു് ഇനിയും എന്റെ ജഡത്തെ ദമനം ചെയ്യാൻ കഴിഞ്ഞിട്ടില്ലല്ലോ; മാത്രമല്ല ഈ ദുഃഖങ്ങളുടെ ജന്മം എന്റേതായിരിക്കുന്ന കാലത്തോളം ഞാൻ അതിനോട്ട് പോരാടണം.

ഇതു് എന്തൊരു ജീവിതമാണ്? പ്രയാസത്തിനും ഒരറുതിയും ഇല്ലല്ലോ? അഖിലവും രിപുക്കളാലും കെണികളാലും നിറഞ്ഞിരിക്കുന്നു. ഒരു വിചാരണയോ പ്രലോഭനമോ അകന്നുപോകുമ്പോൾ മറെറാന്നണയുന്നു. ചിലപ്പോൾ പുതിയവയോട്ട് കൂട്ടിച്ചേർക്കപ്പെടുമ്പോൾ പോലും പൂർവ്വപ്രശ്നം നമ്മെ മഥിച്ചുംകൊണ്ടിരിക്കും.

ഇത്രമാത്രം നിർഭാഗ്യങ്ങളും അസന്തോഷങ്ങളും തിക്താനുഭവങ്ങളും നിറഞ്ഞിരിക്കുമ്പോഴും ജീവിതത്തെ സ്നേഹിക്കാൻ നമുക്ക് എങ്ങനെ കഴിയും? ഇത്രമാത്രം വിനാശം കൊണ്ടുവരുന്ന ഒന്നിനെ നമുക്കെങ്ങനെ ജീവിതമെന്നു് വിളിക്കാനൊക്കും? എന്നിട്ടും നാമതിനെ സ്നേഹിക്കുന്നു; അനേകർ അതിൽ സന്തോഷം കണ്ടെത്താമെന്നു് ആശിക്കുകയും ചെയ്യുന്നു. നാം പലപ്പോഴും ഈ ലോകത്തെ അതിന്റെ വഞ്ചകത്വത്തെയും അയഥാർത്ഥതയേയും ചൊല്ലി അധിക്ഷേപിക്കുന്നു; എന്നാലും ജഡത്തിന്റെ ദുഷ്ടാഭിലാഷങ്ങൾക്ക് ഏറെ കരുത്തുള്ളതിനാൽ, അവയെ സംത്യജിക്കുക കഠിനമാണെന്നു് നാം കാണുന്നു. ചില കാര്യങ്ങൾ ലോകത്തെ സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു, അതേ സമയം മററു ചിലവ വെറുക്കാനും. ദുഷ്ടപ്രകൃതിയുടെ സന്തർപ്പണവും നയനസാഫല്യവും, ജീവനത്തിന്റെ ശുന്യാർഭാടവും നമ്മെക്കൊണ്ട് ലോകത്തെ സ്നേഹിപ്പിക്കുന്നു. എന്നാൽ ഇവയൊക്കെത്തന്നെ എല്ലാ യാതനകളോടെ അവയുടേതായ ശിക്ഷയെ കൊണ്ടുവരുന്നു; അപ്പോൾ നമുക്ക് ലോകത്തോട് ദ്വേഷവും ജുഗുപ്സയും തോന്നുന്നു. എന്നാൽ ദുഃഖകരമായ സത്യം ഇതാകുന്നു, ലൗകികമായ മനസ്സിൽ ഇപ്പോഴും അധമമോദങ്ങൾ അവയുടെ ദിനത്തെ വെട്ടിപ്പിടിക്കുന്നു. മാത്രമല്ല മുള്ളുകൾ മധുരമായതിനെ മൂടിവയ്ക്കുന്നു എന്നു് അതു് സങ്കല്പിച്ചു പോകുന്നു. ദൈവമാധുര്യത്തിന്റെ സ്വാദും, നന്മയുടെ അന്തർമുഖമായ സന്തോഷവും രുചിക്കുവാനും അവയുടെ നൈമിഷികദർശനം നേടുവാനും അതിനു് ഒരിക്കലും കഴിഞ്ഞില്ല എന്നതുകൊണ്ടാണിതു്.

എന്നാൽ ലോകത്തെ പൂർണ്ണമായും തിരസ്കരിച്ച് ദൈവത്തിനായി ജീവിക്കുവാൻ ആശ്രമത്തിന്റെ ഏകാന്തമായ വിശുദ്ധ സംയമനത്തിനു് വിധേയർ ആകുന്നവർക്കു് സമസ്തവും സത്യമായി നിരാകരിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട ആ ദിവ്യജ്യോതിസ്സ് തീർച്ചയായും നൽകപ്പെടുന്നു; അങ്ങനെ ഈ ലോകം പലപ്പോഴും എങ്ങനെ വഴിതെററിക്കുന്നുവെന്നും എങ്ങനെ അതു് തെററിദ്ധരിക്കപ്പെടുന്നുവെന്നു അവർ കാണുന്നു.

(തുടരും)

---

## ആരാധനാപഠനം

# ആരാധനാഗീതസമീക്ഷ

സ്ലീബാ പ്രഭാതനമസ്കാരം. കോലാകൾ

1. ദൈവമാതാവ്

(ശ്ലോമ്മോ ദാബോ)

ഗീതം: താതൻ ശ്ലോമ്മാ ഗബ്രിയേൽമൂലം മേലീന്നാധന്യ
മറിയാമ്മിനു നൽകപ്പെട്ടു
തീ പൂണ്ടോൻ വായിൽ
തിങ്ങും
ശ്ലോമ്മോ ചൊന്നാൻ'
നാഥൻ നിൻ
കൂടെ,ത്തന്നുഭയം നിന്നിൽ
ബാറെക്മോർ
ശുബഹോ

2. പരിശുദ്ധന്മാർ

ശ്ലോമ്മോ തൻനിബിയന്മാക്കും
ശ്ലോമ്മോ തൻ ശ്ലീഹന്മാർക്കും
ശ്ലോമ്മോ ശ്ലോമ്മോനാഥങ്കൽ
കൂറേറും സഹദേന്മാർക്കും
ശ്ലോമ്മോ തൻ മക്കൾ
വസിക്കും
പരിശുദ്ധസഭയ്ക്കും ശ്ലോമ്മോ
മെനഓലം ...

3. പരേതർ

നാം ദൈവസുതന്മാരാവാ–
നായുഷ്ക്കാലത്തിൽ
ചൊല്ലി
ത്തന്നെത്താതരെയോ
ർക്കേണം
നീതിജ്ഞർ പുണ്യപ്പെട്ടോ–
രൊന്നിച്ചേകുമവർക്കാശ്വാ–
സംസ്വർഗ്ഗേ പുത്രൻ ദൈവം
മൊറിയോറാഹേം....

അർത്ഥം:–

പിതാവിന്റെ സമാധാനം ഗബ്രിയേൽ മുഖാന്തരംഭാഗ്യവതിയായ മറിയാമ്മിനു് അയയ്ക്കപ്പെട്ടു. 'കർത്താവു നിന്നോടുകൂടെ; അവൻ നിന്നിൽനിന്നു് ഉദിക്കും' എന്നു് അഗ്നിമയമായ വായാൽ അവൻ അവളോടു സുവിശേഷിച്ചു.

ബാറെക്മോർ
ശുബഹോ...

ദീർഘദർശിമാരോടും ശ്ലീഹന്മാരോടും സമാധാനനാഥനെ സ്നേഹിച്ച സഹദേന്മാരോടുംകൂടെ സമാധാന മക്കൾ വസിക്കുന്ന പരിശുദ്ധ സഭയ്ക്കും സമാധാനം.

മെനഓലം...

നാം ദൈവമക്കൾ ആയിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച നമ്മുടെ പിതാക്കന്മാരെ നാം ഓർക്കണം. സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും.

**പ്രൊഫ. എൻ. ഐ. നൈനാൻ ശൂരനാട്ട്**

## പ. ഗീവർഗീസ് ദ്വിതീയൻ സ്മരണകൾ

# അനശ്വരമായ അനുഗ്രഹം

സി. എം. ഫീലിപ്പോസ് ചിറത്തലയ്ക്കൽ,
(കല്ലൂപ്പാറ കൺവെൻഷൻ മുൻസെക്രട്ടറി)

കവിയൂർ ചിറത്തലയ്ക്കൽ ഏലിയാസ് തോമസ് കോറെപ്പിസ്കോപ്പായുടെ മൂത്ത മകൻ സി. ടി. ജോർജ്ജിന്റെ (കൊച്ചിൻ റിഫൈനറിയുടെ റിട്ട. ചീഫ് കെമിസ്റ്റ്) വിവാഹത്തിന് കവിയൂർ ശ്ലീബാപ്പള്ളിയിൽ എഴുന്നള്ളിയ അവസരത്തിലാണ് ആദ്യമായി ഞാൻ പ: ബാവാ തിരുമനസ്സിനെ കാണുന്നതു്.

ആ ഗംഭീരവും തേജോജ്വലവുമായ മുഖത്തേയ്ക്കു് നോക്കി ഞാൻ നിന്നുപോയി. വളരെ നേരം ഞാൻ കണ്ണെടുക്കാതെ ആ മുഖത്തേക്ക് നോക്കി നിന്നതു കൊണ്ടാവണം അദ്ദേഹം ചോദിച്ചു, 'എന്താടാ മുഖത്തേയ്ക്കു് നോക്കി നിൽക്കുന്നതു്'' അപ്പോൾ അടുത്തുനിന്ന ആരോ പറഞ്ഞു 'അതു് ചിറത്തലയ്ക്കൽ ഫീലിപ്പോച്ചന്റെ മകനാണ്.'

'അതാണ് അങ്ങനെ നോക്കുന്നതു്'' എന്നു് പ: ബാവാ പറഞ്ഞു. (പ: തിരുമനസ്സിന്റെ തലതൊട്ടപ്പൻ ചിറത്തലയ്ക്കൽ ചെറിയാച്ചന്റെ മകനാണ് ഫീലിപ്പോച്ചൻ)

അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം വളരെ ചിട്ടയുള്ളതായിരുന്നു. എത്ര മഴയും തണുപ്പും ഉള്ള അവസരങ്ങളാണെങ്കിൽപ്പോലും വെളുപ്പിനെ പ്രാർത്ഥനയ്ക്കായി അരമനയിൽ നിന്നു് ചാപ്പലിലേയ്ക്കു് വരുമായിരുന്നു. അതുപോലെ അദ്ദേഹം സന്ധ്യാപ്രാർത്ഥനയ്ക്കായി ചാപ്പലിലേക്ക് പോകുന്ന കാഴ്ച ഇപ്പോഴും എന്റെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു.

എത്ര ഉന്നത വ്യക്തികളാണെങ്കിൽപ്പോലും പ: തിരുമേനിയുടെ മുമ്പിൽ ആദരവോടുകൂടി മാത്രമേ പെരുമാറുകയുണ്ടായിരുന്നുള്ളു. പലരും മുട്ടുകുത്തി അദ്ദേഹത്തിന്റെ പാദങ്ങളിൽ ചുംബിക്കും. എങ്കിലും പൊടുന്നനെ അദ്ദേഹം കാൽ വലിക്കും. കാൽപ്പാദങ്ങളിൽ വീഴുകയും ചുംബിക്കുകയും ചെയ്യുന്നതൊന്നും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല.

അദ്ദേഹം ശുചിത്വത്തിൽ വളരെ നിഷ്ഠയുള്ളവനായിരുന്നു. മുറിയിലോ മറ്റോ ഒരീച്ച പോലും കടന്നു വരുക അദ്ദേഹത്തിനു് അസഹനീയമായിരുന്നു. എപ്പോഴും എല്ലായിടവും വൃത്തിയായി സൂക്ഷിക്കണമെന്നു് നിഷ്കർഷിച്ചിരുന്നു.

അതുപോലെ അതിഥിസൽക്കാരം അദ്ദേഹത്തിനു് വളരെ ഇഷ്ടമുള്ള കാര്യമായിരുന്നു. ഒരിക്കൽ ബിഷപ്പ് എം. എം. ജോണിനു് സ്വീകരണം നൽകിയ കാര്യം ഞാനോർമ്മിക്കുന്നു. അന്നു് പഴയ അരമന മാത്രമേ ഉണ്ടായിരുന്നുള്ളു. അത്രയും സ്ഥലസൗകര്യം കുറഞ്ഞ സ്ഥലത്തു് സ്വീകരണം നൽകുന്നതിൽ അദ്ദേഹത്തിനു് വൈക്ലബ്യമുണ്ടായിരുന്നു. പ്രസംഗത്തിൽ അദ്ദേഹം അതു് സൂചിപ്പിക്കുകയും ചെയ്തു. കേസ് നടക്കുന്നതു കൊണ്ടാണ് പുതിയ അരമന പണിയാത്തതെന്നും, കേസ് അനുകൂലമായാൽ പുതിയ അരമന പണിയുവാൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം വെളിപ്പെടുത്തി

അന്നു് സ്വീകരണസമ്മേളനത്തിൽ, കലക്ടർ ചന്ദ്രഭാനു, ഡി. എസ്. പി. മരിയാർഭൂതം തുടങ്ങിയ പ്രമുഖ വ്യക്തികൾ സംബന്ധിച്ചിരുന്നു. തദവസരത്തിൽ എം. വി. ജോർജച്ചൻ (ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) ഒരു 'ഗോഡൗൺ ആഫീസറെ' പ: ബാവായ്ക്കു് പരിചയപ്പെടുത്തിയപ്പോൾ ''ഗോഡൗൺ എന്നാൽ താഴേയ്ക്കു് പോകുന്നതാണല്ലോ'' എന്നു അദ്ദേഹം പറഞ്ഞ തമാശ എല്ലാവരേയും ചിരിപ്പിച്ചു.

തിരുമേനിയുടെ വിശ്രമമുറിയിൽ ഒരേ ഒരു ചിത്രം മാത്രമേ ഉണ്ടായിരുന്നുള്ളു അതു തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ചിത്രമായിരുന്നു. അദ്ദേഹം പലപ്പോഴും ആ ഫോട്ടോയിൽ കണ്ണോടിക്കുന്നതു് ഞാൻ കണ്ടിട്ടുണ്ട്.

പ: ബാവാ തിരുമേനി പരുമലപ്പെരുന്നാളിനു് പോയി മടങ്ങുമ്പോൾ പുതുശ്ശേരി എം. ജി. ഡി. ഹൈസ്കൂൾ സന്ദർശിക്കും. അങ്ങനെ ഒരവസരത്തിലാണ് എന്റെ സഹോദരി സി. എം. ഏലിയാമ്മയെ പാമ്പു കടിച്ചതു്. പ: തിരുമനസ്സ് സ്കൂളിലെത്തിയിട്ടുണ്ട് എന്നറിഞ്ഞപ്പോൾ ഞങ്ങൾ അവളെയുമായി അദ്ദേഹത്തിന്റെ സന്നിധിയിലെത്തി. അദ്ദേഹം പ്രാർത്ഥിച്ച് അനുഗ്രഹിച്ചയച്ചു. അത്ഭുതകരമായി സുഖം പ്രാപിച്ചു.

തിരുമേനി ശെമ്മാശനായിരിക്കുന്ന കാലത്തെ ഒരത്ഭുതം ഞാൻ കേട്ടിട്ടുണ്ട്. ചിറത്തലയ്ക്കലെ ഒരു വല്യപ്പനു് 'ചിക്കൻ പോക്സ്'' ആണെന്നറിഞ്ഞു് അദ്ദേഹം കണ്ടറയിൽ നിന്നെത്തി. രോഗി കിടക്കുന്ന മുറിയിലേയ്ക്കു് ശെമ്മാശൻ കടക്കാൻ ഒരുങ്ങിയപ്പോൾ മറ്റുള്ള ആളുകൾ വിലക്കി. അദ്ദേഹം അതൊന്നും കാര്യമാക്കാതെ മുറിയിൽ കയറി വല്യപ്പനോടൊപ്പം കട്ടിലിൽ കയറിക്കിടന്നു. അധികം താമസിയാതെ തന്നെ വല്യപ്പനു് രോഗം ഭേദമായി!

അദ്ദേഹത്തിന്റെ പ്രാർത്ഥന എന്റെ വ്യക്തിപരമായ ജീവിതത്തിലും അനുഗ്രഹപ്രദമായിട്ടുണ്ട്. പ: തിരുമേനി തന്ന സ്വഭാവസർട്ടിഫിക്കറ്റാണ് എനിക്ക് ജോലി കിട്ടാൻ ഇടയാക്കിയതു്. അതുപോലെ എന്റെ മകൾക്ക് ജോലി കിട്ടിയതും ആ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചതുകൊണ്ടാണ്.

## ലക്ഷങ്ങൾ വിശ്വാസികളുടെ...

1–ാം പേജിൽനിന്നും തുടർച്ച

പീകരണവിജയം മലങ്കരസഭാവിശ്വാസികളുടെ ഒരാവശ്യമാണ് എന്നു പറയുന്നതിൽ തെററില്ല.

വികസനഫണ്ട് രൂപീകരിക്കുവാനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കിവരികയാണ്. ഒരു ലക്ഷം, അമ്പതിനായിരം, ഇരുപത്തയ്യായിരം, പതിനായിരം, അയ്യായിരം, ആയിരം എന്നിങ്ങനെയുള്ള തുകകൾ അഞ്ചു ഗഡുക്കളായി, അവ നൽകാൻ സാമ്പത്തികശേഷിയുള്ള സഭാംഗങ്ങളിൽനിന്നു് ശേഖരിക്കുവാനാണ് ആഗ്രഹിക്കുന്നതു്. വർഷത്തിൽ ഒരു ഞായറാഴ്ചത്തെ കാണിക്കയും, വാർഷികവരുമാനത്തിന്റെ ഒരു ഭാഗവും പള്ളികളിൽ നിന്നു് സംഭാവനയായി സ്വീകരിക്കുക, ഓരോ ഇടവകയുടെയും പെരുന്നാളിനോടനുബന്ധിച്ച് സഭയുടെ ധനശേഖരണാർത്ഥം ഒരു 'ഫാൻസി സെയിൽ' സംഘടിപ്പിക്കുക, സഭാംഗങ്ങളും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഒരു കോളത്തിനു രണ്ടു രൂപാ വിലവരുന്ന 100 രൂപയുടെ കാർഡുകൾ വഴി ധനശേഖരണം നടത്തുക എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ പണം സഭാവികസനഫണ്ടിലേയ്ക്കെത്തിക്കുക എന്നതാണു ലക്ഷ്യം. ഇതു് പൂർത്തീകരിക്കുവാൻ ഓരോ ഇടവക വികാരിമാരും, ഭരണസമിതി അംഗങ്ങളും പരിശ്രമിക്കേണ്ടിയിരിക്കുന്നു. അതിലുപരിയായി സഭയുടെ സർവ്വ കരുത്തും ശക്തിയുമായ സഭാമക്കൾ ഒത്തൊരുമിച്ച് മുന്നോട്ടു കടന്നുവന്നാൽ ലക്ഷ്യത്തിലേറെ മുന്നേറുവാൻ സാധിക്കുമെന്നു് തീർച്ചയാണ്.

## പരിശുദ്ധ ബാവാ

(1–ാംപേജിൽനിന്നും തുടർച്ച)

മേരീസ് കത്തീഡ്രൽ. മലബാർ 21 ബുധൻ 11–നു് കോഴിക്കോട് സെൻറ് ജോർജ് കത്തീഡ്രൽ സുൽത്താൻ ബത്തേരി ഭദ്രാസനത്തിൽനിന്നും 22 വ്യാഴാഴ്ച 11–നു് ബത്തേരി സെൻറ് മേരീസ് കത്തീഡ്രലിൽനിന്നും സ്വീകരിക്കുന്നതാണ്.

### പുതുവത്സരത്തിലെ ദുരന്തം

ഹോങ്കോങ്ങ് നിവാസികൾ ഒന്നടങ്കം പുതുവർഷം ആഘോഷിക്കുകയായിരുന്നു. എന്നാൽ ഐറിസ് സാങ് യിൻ ലിങിന്റെ കുടുംബത്തെ സംബന്ധിച്ച് അതൊരു ദുഃഖദിനമായിരുന്നു. ഹോങ്കോങ്ങിലെ അഭിഭാഷകയായ ആ യുവതി ദീർഘകാലമായി രോഗിയായി കിടന്ന ശേഷം മരണമടഞ്ഞു.

ഹോങ്കോങ്ങിലെ ക്രിസ്ത്യൻ കൗൺസിലിന്റെ ലീഗൽ ഓഫീസറായിരുന്ന ഐറിസ്, അവളുടെ സഹായമാവശ്യപ്പെടുന്ന ഏതു് ക്രൈസ്തവസംഘടനകളേയും വിലയേറിയ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി സഹായിച്ചിരുന്നു. 1988-ൽ വിവാഹിതയായ ഐറിസിനു് ഒരു കുട്ടിയുണ്ട്.

**Wanted**

Junior Lecturer in Syriac (Part-time, likely to become full-time) for appointment in Malankara Orthodox Church Colleges under Open Merit Quota. Qualification: B. O. L. Degree in Syriac of the Madras University or B. A. Degree of any of the Universities in Kerala with a First or Second class in Syriac under Part II. Or a First or second class diploma of a major Theological Seminary taken after the prescribed long course of eight or nine years study in Syriac. Age: As applicable for direct recruitment of teachers in Goverment Colleges.

Those who have appeared for the examination may also apply. But they will be interviewed only if they produce the certificate of passing the examination and the mark-list at the time of interview.

Apply within one month from the date of publication of this notification. Application form and other details can be had from the undersigned at a cost of Rs. 25/- (Rs. 26/- by post).

Secretary,
M.O.C., Colleges,
Devalokam, Kottayam-38.
8038

കവിത

## കമ്മയോഗി

ജാതിക്കും മതത്തിനു
മപ്പുറം ചിന്തിച്ചീടും
ജ്ഞാനിതൻ ''ജന്മ
ദിന''മാഹ്ളാദം പരത്തുന്നു......
വേദശാസ്ത്ര പണ്ഡിത
നായൊരു ''തിരുമേനി''
വിദ്യാർത്ഥിപ്രസ്ഥാനത്തി
ന്നാവേശം പകരുന്നു....
വിശ്വസാഹോദര്യത്തി
ലൂന്നിനിന്നധർമ്മത്തിൻ
മസ്തകം തകർത്തിടും
കർമ്മയോഗിയാം ഭവാൻ
ക്രൈസ്തവസഭാലോക
മാദരിച്ചീടുന്നിപ്പോൾ
നിസ്തുലമാവുന്നൊരു
പ്രേഷിതപ്രവൃത്തിയാൽ
നിശ്ചയദാർഢ്യത്തിന്റെ
യീററില്ലം വചനത്താൽ
നിറഞ്ഞുനിൽക്കുന്നൊരീ
താപസശ്രേഷ്ഠൻ പണ്ടേ...
നിന്ദിതർക്കാശ്വാസമാ
യെത്തുന്ന കാരുണ്യത്തിൻ
നീരുറവപോൽ മുല്ല
പൂപോലെ ചിരിതൂവി
ദീനരിലനുകമ്പ
നീട്ടുന്ന നിസ്വാർത്ഥത
വിനയത്താലെ നമ്മൾ
ക്കിഷ്ടതോഴനായ്ത്തീരും
മാനവസ്നേഹത്തിന്റെ
മായാത്ത ചിത്രംപോലെ
മാരിവില്ലൊളിപോലെ
യീ''മലങ്കര''ക്കെന്നും

അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ
എഴുപത്തിയൊൻപതാം ജന്മദിനത്തെ
അനുസ്മരിച്ച്....
അന്നേദിവസം ചൊല്ലിയ കവിത

കുര്യൻ മാമ്പറ

# ഇവരെ പരിചയപ്പെടുക ഇവരുടെ പ്രാർത്ഥനകളും

**കെ. ജോൺമാത്യൂസ് തുമ്പമൺ**

മരണത്തോടടുത്തിരിക്കുന്ന ഒരു പിതാവിന്റെ അന്ത്യ അനുഗ്രഹാശിസ്സുകൾക്ക് അമാനുഷികശക്തിയുണ്ടെന്ന് പൗരാണികകാലം മുതലേ വിശ്വസിച്ചിരുന്നു. സ്വീകർത്താവിന്റെ ഭാവിജീവിതവിജയത്തിന്റെ ആണിക്കല്ല് അത്രേ പിതാവിന്റെ അന്തിമ അനുഗ്രഹം. മൂത്തമകന് അവകാശപ്പെട്ടതായിരുന്നു ഈ അനുഗ്രഹം – കാലാകാലങ്ങളിൽ നിലനിന്നുപോന്ന വിശ്വാസമതായിരുന്നു.

തനിക്ക് ലഭിക്കാൻ അർഹതയുള്ള—തനിക്കു ലഭിക്കുമെന്ന് അന്ത്യനിമിഷം വരെ വിശ്വസിച്ചിരുന്ന അപ്പന്റെ അനുഗ്രഹം ആൾമാറാട്ടത്തിലൂടെ തട്ടിയെടുത്ത് ജ്യേഷ്ഠസ്ഥാനത്തുനിന്ന് പുറന്തള്ളപ്പെട്ടപ്പോൾ ഏശാവിന്റെ ഹൃദയം വിഷമം കൊണ്ടു അതിലേറെ യാക്കോബിനോടുള്ള വൈരാഗ്യം കൊണ്ടും നിറഞ്ഞു. 'അവനെ ഞാൻ കൊല്ലും.' അലറിവിളിച്ച ഏശാവിന്റെ ശബ്ദം അന്തരീക്ഷം കിടിലം കൊള്ളിച്ചു.

വൈരാഗ്യത്തോടുകൂടി പിതാവിന്റെ സന്നിധി വിട്ടുപോയ ഏശാവിന്റെ പ്രയാണം അത്ര പന്തിയല്ലെന്ന് റിബേക്കയ്ക്ക് മനസ്സിലായി. തന്റെ പ്രവൃത്തിമൂലം ഇത്ര വലിയ പ്രത്യാഘാതം ഉണ്ടാകുമെന്ന് സ്വപ്നേപി ആ മാതാവ് കരുതിയിരിക്കില്ല. ഏശാവിന്റെ കൊലവിളി കേട്ട് അവൾ ഭയാക്രാന്തയായി. യാക്കോബിനെ ആളയച്ചുവരുത്തി. ഉണ്ടായതെല്ലാം അവനെ ധരിപ്പിച്ചു. 'നിന്നെ കൊല്ലും തീർച്ച. അതുകൊണ്ടു സമയം ഒട്ടും കളയാതെ വീടുവിട്ടുപോക' എന്ന മാതാവിന്റെ വാക്കുകൾ യാക്കോബിലും ഭയം ഉളവാക്കി. 'വീടുവിട്ടില്ലെങ്കിൽ ഏശാവ് പ്രതികാരം ചെയ്യും.' തന്റെ മനസ്സ് മന്ത്രിച്ചു. അതുകൊണ്ടു സകലതും ഉപേക്ഷിച്ചുപോകാൻതന്നെ യാക്കോബ് തീരുമാനിച്ചു.

വിടവാങ്ങുന്നതിനുമുമ്പ് പിതാവിന്റെ അടുക്കൽ ചെന്ന് അനുവാദം ചോദിക്കുവാനുള്ള റിബേക്കായുടെ നിർദ്ദേശാനുസരണം അവിടെ ചെല്ലുന്നു.

റിബേക്കായുടെ നിർദ്ദേശത്തിന് ഇസഹാക്ക് പരിപൂർണ്ണ പിന്തുണ നൽകുന്നു. 'ബേഥൂവേലിന്റെ ഭവനത്തിലേയ്ക്കു പോകുക. അവിടെനിന്ന് നിന്റെ ഭാര്യയെ തെരഞ്ഞെടുക്കുക. കനാന്യരുടെ ഇടയിൽനിന്നു ഭാര്യയെ തെരഞ്ഞെടുക്കുകയുമരുത്'' എന്ന് ഓർമ്മിപ്പിച്ചുകൊണ്ടു യാത്രാനുമതി നൽകുന്നു.

ഏശാവിൽനിന്ന് തട്ടിയെടുത്ത ജ്യേഷ്ഠാവകാശവും ഇസഹാക്കിൽനിന്ന് ലഭിച്ച അനുഗ്രഹവും കൈമുതലാക്കിക്കൊണ്ട് ആടിനെ മേയ്ക്കുന്ന ഒരു വടിയുമായി ദൈവനിയോഗപ്രകാരം യാക്കോബ് വീടുവിട്ടിറങ്ങിപ്പോകുന്നു. സുഖസമൃദ്ധമായ സാഹചര്യത്തിൽ ജീവിച്ച യാക്കോബിന് ലഭിച്ച തിരിച്ചടി, യാക്കോബിന്റെകൂടെ താമസിക്കണമെന്നുള്ള അമ്മയുടെ ആഗ്രഹവും നിഷ്ഫലമായി.

'യിസ്രായേൽ എന്റെ ആദ്യജാതൻ' എന്ന് വിളിക്കപ്പെട്ട യാക്കോബ് ദൈവനിയോഗം സഫലീകരിക്കപ്പെട്ട് ജീവിതവിജയത്തിന്റെ ഉത്തുംഗശൃംഗത്തിലെത്താൻ വേദനകളുടെയും യാതനകളുടെയും എത്രയോ പടവുകൾ ചവുട്ടി!

'അവൻ ഒരു ഭാര്യയ്ക്കുവേണ്ടി വേലചെയ്തു. ഒരു ഭാര്യയ്ക്കുവേണ്ടി ആടുകളെ മേയിച്ചു.' നീണ്ട ഇരുപതു വർഷം തന്റെ മാതുലഭവനത്തിൽ അടിമയെപ്പോലെ കഴിയേണ്ടിവന്ന യാക്കോബ് തന്റെ ജ്യേഷ്ഠനോടും പിതാവിനോടും ചെയ്ത തെറ്റുകൾക്ക് ശിക്ഷയേൽക്കേണ്ടിവന്നു.

പശ്ചാത്താപവിവശനായ യാക്കോബ് വ്യാകുലചിന്തയുടെയും വിഷമസന്ധിയുടെയും മദ്ധ്യത്തിലും ഇച്ഛാശക്തിയോടെ ദൈവത്തെ മുറുകെ പിടിച്ചു. 'ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്'' എന്ന് യഹോവയുടെ വാക്കുകൾ അവന്റെ വഴിത്താരയിൽ ഉടനീളം ദീപനാളമായി വഴികാട്ടി. വീടുവിട്ടിറങ്ങിയ യാക്കോബ് പദ്ദൻ-ഹാരാനെ ലക്ഷ്യമാക്കി നടന്നു. ക്ഷീണിക്കുമ്പോൾ വിശ്രമിച്ചും, ദാഹിക്കുമ്പോൾ വഴിവക്കിൽനിന്ന് വെള്ളം കുടിച്ചും, വിശക്കുമ്പോൾ അന്യ വീടുകളിൽനിന്ന് ആഹാരം ചോദിച്ചുവാങ്ങി കഴിച്ചും, തന്റെ യാത്ര തുടർന്നു. സന്ധ്യയായപ്പോൾ അവശനായി ഒരു സ്ഥലത്ത് ഇരുന്നു, വീട്ടിൽനിന്നും പോകേണ്ടിവന്ന സാഹചര്യം ഓർത്തു പരിതപിച്ചു.

ഉറക്കംവന്നപ്പോൾ ഒരു കല്ലിന്മേൽ തലവെച്ചു കിടന്നുറങ്ങി. അപ്പോഴും തന്റെ ഉപബോധമനസ്സ് ഉണർന്നിരുന്നു. പലതരം ചിന്തകൾ മനസ്സിൽകൂടെ കടന്നുപോയി. തന്റെ ജീവിതത്തിലെ പുറംതാളുകളിലെ കറുത്ത അക്ഷരങ്ങൾ, വാക്കുകളായി, വാചകങ്ങളായി മനോമുകുരത്തിൽ തെളിഞ്ഞുവന്നു. വിശന്നു തളർന്നുവന്ന തന്റെ ജ്യേഷ്ഠനു പയറുപായസവും അപ്പവും കൊടുത്ത് ജ്യേഷ്ഠാവകാശം തട്ടിയെടുത്തത്-ജ്യേഷ്ഠന്റെ വസ്ത്രങ്ങളണിഞ്ഞ് വേഷപ്രച്ഛന്നനായി അപ്പന്റെ അടുത്തുചെന്ന് കള്ളം പറഞ്ഞ് അനുഗ്രഹം നേടിയത്-ഇതൊന്നും വേണ്ടായിരുന്നു എന്ന് തോന്നി. താൻ ചെയ്ത തെറ്റുകൾ തന്റെ ഹൃദയത്തെ മഥിച്ചു. കണ്ണീർ ധാരധാരയായി ഒഴുകി.

## ജീവിത വിശുദ്ധിയുള്ള യാക്കോബിനു് ലഭിച്ച ദൈവദർശനം

പശ്ചാത്താപവിവശനായി കിടന്നുറങ്ങിയ യാക്കോബ് മനോഹരവും ഗംഭീരവുമായ ഒരു ദൃശ്യം കണ്ടു ഭൂമിയിൽനിന്ന് സ്വർഗ്ഗവാതിൽ വരെ ചെന്നെത്തുന്ന ഒരു ഗോവണി. അതിൽക്കൂടെ മാലാഖമാർ ഇറങ്ങുന്നതും കയറുന്നതും. ഏററവും മുകളിൽനിന്ന് യഹോവ തന്നോടു സംസാരിക്കുന്നതുമായ അതിമഹത്വവും അവിസ്മരണീയവുമായ ഒരു ദർശനം ഹാ! എത്ര മനോജ്ഞം! താൻ കിടക്കുന്നത് പരിശുദ്ധമായ ഒരു സ്ഥലത്തോ? നിശബ്ദത തളം കെട്ടി നിന്ന അന്തരീക്ഷത്തിൽ യഹോവയുടെ ശബ്ദം ശ്രവിച്ചു.

'ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും ഇസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു. നീ മുഖാന്തിരവും നിന്റെ സന്തതി മുഖാന്തിരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്. നീ പോകുന്നേടത്തൊക്കെ നിന്നെ സംരക്ഷിച്ച് ഈ രാജ്യത്തേയ്ക്ക് മടക്കി വരുത്തും. ഞാൻ നിന്നെ ഒരു നാളും കൈവെടിയുകയില്ല. നിന്നോടു ചെയ്ത വാഗ്ദാനം നിറവേററും നിശ്ചയം'.

യാക്കോബ് ആനന്ദതുന്ദിലനായി 'ഞാൻ നിന്നോടുകൂടെയുണ്ട്. നിന്നെ ഒരു നാളും കൈവെടിയുകയില്ല' എന്ന യഹോവയുടെ വാക്കുകൾ അവനു് ഊർജ്ജം പ്രദാനം ചെയ്തു. ഇത് പരിശുദ്ധമായ സ്ഥലം. ഇത് ദൈവത്തിന്റെ ആലയം തീർച്ച. സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ. അവൻ ഉത്ഘോഷിച്ചു. ഈ സ്ഥലത്തിന്റെ പേരും അവൻ മാററി.' ബെഥേൽ എന്ന് ആ സ്ഥലത്തിനു് നാമകരണം ചെയ്തു ക്ഷീണമെല്ലാം പോയി ഒളിച്ചു. വർദ്ധിത വീര്യനായി എഴുന്നേററ് മുട്ടുകുത്തി പ്രാർത്ഥിച്ചു.

'ദൈവമേ! എന്റെ പ്രവൃത്തിമൂലം എന്റെ സഹോദരനെ ഭയന്നു് വീട് വിട്ടിറങ്ങേണ്ടി വന്ന ഞാൻ നിന്റെ ശബ്ദം ശ്രവിച്ചു. ഞാൻ പോകുന്ന ഈ യാത്രയിൽ എന്നോടുകൂടെ ഇരിക്കുകയും എന്നെ കാത്തു സംരക്ഷിക്കുകയും ചെയ്യും എന്ന നിന്റെ വാഗ്ദാനം എന്റെ ദുഃഖത്തെ ദൂരീകരിച്ചു എന്റെ പിതാവേ! എനിക്ക് ആഹാരവും വസ്ത്രവും തരികയും എന്റെ അപ്പന്റെ ഭവനത്തിലേയ്ക്ക് സൗഖ്യത്തോടെ കൊണ്ടുപോകയും ചെയ്യേണമേ. എന്റെ ആഗ്രഹം സഫലീകരിച്ചുതരണേമേ എങ്കിൽ എക്കാലവും നീ എനിക്ക് ദൈവമായിരിക്കും. ഞാൻ ഇവിടെ നിനക്ക് ഒരു ആലയം നിർമ്മിക്കും. നീ എനിക്കു തരുന്ന സകലത്തിലും ഞാൻ ദശാംശം തരും. ദൈവമേ! നിന്റെ നാമത്തിൽ എന്നെ കാത്തുകൊള്ളണമേ നിന്റെ ചിറകിൻ മറവിൽ എന്നെ മറച്ചു കൊള്ളണമേ. എന്റെ സകല കഷ്ടങ്ങളിൽ നിന്നും എന്നെ വിടുവിക്കേണമേ. എന്റെ തെററുകുററങ്ങൾ ക്ഷമിക്കണമേ. എന്റെ പ്രാർത്ഥന ഭയത്തോടെ കേൾക്കണമേ.

# ചരിത്ര പശ്ചാത്തലത്തിലൊരു ഭദ്രാസനം

ഭാരത അപ്പോസ്തോലൻ വി. മാർത്തോമ്മാ ശ്ലീഹായുടെ ആഗമനത്തോളം നീളുന്ന ക്രൈസ്തവചരിത്രമാണ് തുമ്പമൺ ഭദ്രാസനത്തിലുള്ളത്. അദ്ദേഹം സ്ഥാപിച്ച നിലയ്ക്കൽ പള്ളി ഈ ഭദ്രാസനത്തിന്റെ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്.

ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും ശ്രീകോവിലായ ഈ ഭദ്രാസനത്തെ മേയിച്ചിരുന്ന പ: പിതാക്കന്മാരെപ്പററി അന്വേഷിക്കുമ്പോൾ മഹാരഥന്മാരുടെ ഒരു നീണ്ട നിര കണ്ടെത്തുവാൻ കഴിയും. പാമ്പാക്കുട മാർ ഗീവറുഗീസ് യൂലിയോസിൽ തുടങ്ങി പരുമല മാർ ഗ്രിഗോറിയോസ്, യുയാക്കിം മാർ ഈവാനിയോസ്, പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് എന്നീ പ്രഗത്ഭരിലൂടെ ഈ നിര നീളുന്നു.

പ്രതിഭാശാലികളും അതില്യപരി പരിശുദ്ധന്മാരുമായ ഈ മെത്രാപ്പോലീത്തൻമാരെ കൂടാതെ മലങ്കരമെത്രാപ്പോലീത്താമാരായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, പ: ഔഗേൻ പ്രഥമൻ ബാവാ എന്നിവരും തുമ്പമൺ ഭദ്രാസനത്തിന്റെ ഭരണസാരഥ്യം വഹിച്ചിട്ടുണ്ട്.

1875-ലെ മുളന്തുരുത്തി സുന്നഹദോസിൽ വിഭജിച്ച മലങ്കരയിലെ 7 ഭദ്രാസനങ്ങളിലൊന്നായ തുമ്പമൺഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ദാനിയേൽ മാർ പീലക്സിനോസ് ആണ്. വാർദ്ധക്യം ശാരീരികമായി അദ്ദേഹത്തെ ക്ഷീണിപ്പിക്കുന്നുവെങ്കിലും ക്ഷീണിക്കാത്ത മനീഷയോടെ പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിയുന്നു.

1910 മെയ് പത്തിന് ഓമല്ലൂർ വടുതല ഫാ: പി. ഇ ഈശോയുടെ പുത്രനായി ജനിച്ച അദ്ദേഹം കൈപ്പട്ടൂർ ഗവൺമെന്റ് പ്രൈമറി സ്കൂളിൽനിന്ന് പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി കോറൂയോപട്ടം നല്കി.

എം. ഡി. സെമിനാരിയിൽ നിന്ന് ഹൈസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയതിനെത്തുടർന്ന് തിരുവനന്തപുരം മഹാരാജാസ് സയൻസ് കോളേജിൽനിന്ന് ഫിസിക്സിൽ ബി. എ.യും സെറാമ്പൂരിൽ നിന്ന് ബി. ഡി. ബിരുദവും കരസ്ഥമാക്കി.

1938 ഡിസം. 11-ന് പ: ഗീവറുഗീസ് ദ്വിതീയൻ ബാവായിൽനിന്ന് ശെമ്മാശുപട്ടം സ്വീകരിച്ച അദ്ദേഹം 1944 ജൂൺ 9-നു വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് കൈപ്പട്ടൂർ, ഓമല്ലൂർ, മുള്ളനിക്കാട്, മല്ലശ്ശേരി, വാഴമുട്ടം ഈസ്റ്റ്, തുമ്പമൺ ഏറം, കദീശ്ത്താ തുമ്പമൺ നോർത്ത്, നരിയാപുരം എന്നീ ഇടവകകളിൽ സേവനമനുഷ്ഠിച്ചു.

കാതോലിക്കേററ് സ്കൂൾ അദ്ധ്യാപകൻ, കാതോലിക്കേററ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പാൾ, തുമ്പമൺ ഭദ്രാസന സെക്രട്ടറി എന്നീ നിലകളിൽ പ്രശസ്തമായ സേവനം അനുഷ്ഠിച്ച അദ്ദേഹം 1951-ൽ മേല്പട്ടസ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1951-സെപ്തംബർ 21-ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1953 മെയ് 15-ന് കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ടു.

പ: ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ അസിസ്റ്റന്റ്, കൊച്ചി ഭദ്രാസന സഹായ മെത്രാപ്പോലീത്താ, പ: സുന്നഹദോസ് സെക്രട്ടറി, വിദ്യാർത്ഥി പ്രസ്ഥാനം, യുവജന പ്രസ്ഥാനം എന്നിവയുടെ അദ്ധ്യക്ഷൻ, എം. ഒ. സി. കോളേജുകളുടെ മാനേജർ, കോർപ്പറേററ് സ്കൂൾ മാനേജർ, മാർ ബേസിൽ ദയറാ സുപ്പീരിയർ, റൂൾസ് കമ്മററി ചെയർമാൻ, തുടങ്ങിയ നിലകളിൽ അദ്ദേഹത്തിന്റെ സഭാസേവന ചരിത്രം നീണ്ടുപോകുന്നു.

അഞ്ചു ഡിസ്ട്രിക്ടുകളിലായി 101 പള്ളികളും 12 ചാപ്പലുകളുമുള്ള ഈ ബൃഹത് ഭദ്രാസനത്തെ ഇന്നു കാണുന്ന നിലയിൽ വളർത്തിക്കൊണ്ടു വരുവാനും സുസ്ഥിരമായ ഭരണനേതൃത്വം നൽകുവാനും മാർ പീലക്സിനോസു മെത്രാപ്പോലീത്തായ്ക്ക് സാധിച്ചു. മൂന്നു റമ്പാൻമാരും, ഒരു കോർ എപ്പിസ്കോപ്പായും, സർവ്വീസിൽ നിന്ന് വിരമിച്ച 11 വൈദികരുൾപ്പെടെ 94 വൈദികരും രണ്ടു ശെമ്മാശൻമാരും അദ്ദേഹത്തിന്റെ സുശക്തമായ നേതൃത്വത്തിൽ ഇടവകജനങ്ങൾക്ക് ആത്മീയതയെ പകർന്നുകൊടുക്കുന്നു.

ലോക ക്രൈസ്തവ സഭകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. 1953-ൽ അമേരിക്കയിൽ കൂടിയ അഖില ലോക ക്രൈസ്തവ സമ്മേളനത്തിലും, 1961-ൽ ഗ്രീസിൽ നടന്ന പാൻ ഓർത്തഡോക്സ് സമ്മേളനത്തിലും, 1963 ജൂലൈയിൽ മോസ്കോയിൽ നടന്ന റഷ്യൻ പാത്രിയർക്കീസിന്റെ സ്ഥാനാഭിഷേക ജൂബിലി ആഘോഷത്തിലും, 1965 ജനുവരിയിൽ എത്യോപ്യയിൽ വച്ചു നടന്ന ഓർത്തഡോക്സ് സഭകളുടെ കോൺഫ്രൻസിലും മലങ്കരസഭയെ പ്രതിനിധീകരിച്ചത് അദ്ദേഹമാണ്. കൂടാതെ ഇംഗ്ലണ്ട്, ഫ്രാൻസ്, സ്വിററ്സർലൻറ്, ഗ്രീസ്, വിശുദ്ധ നാടുകൾ എന്നിവയും അദ്ദേഹം

(ശേഷം 5-ാം പേജിൽ)

## 3. സുറിയാനി സഭയും യൌനായ സഭയും

(വലിയഓർത്തഡോക്സ് സഭ)

വ്യതിരിക്തമായി നിൽക്കുന്ന സഭകളിൽവച്ച് സുറിയാനി സഭയ്ക്ക് ഏററവും അടുപ്പമുള്ള സഭ യൌനായസഭയാകുന്നു. പ്രധാനപ്പെട്ട ഉപദേശങ്ങളിൽ, ഇരുസ്വഭാവവാദത്തിൽ (qualified diophysitism) മാത്രമാണ് ഈ രണ്ടു സഭകളുംതമ്മിൽ വ്യത്യാസം. റോമാസഭപോലെ തന്നെ യൌനായ സഭയും കർത്താവിന്റെ ഇരുസ്വഭാവങ്ങളും, ഏകവ്യക്തിത്വവും പഠിപ്പിക്കുന്നു. യോജിച്ച സ്വഭാവങ്ങളെപ്പററിയുള്ള നാമനിർദ്ദേശത്തിൽ മാത്രം കാണുന്ന ഈ വ്യത്യാസം നിമിത്തം ഈ സഭകൾ തമ്മിലുള്ള ഐക്യം ശിഥിലമായിപ്പോയി എന്നു പറയാവുന്നതല്ല. എന്നിരുന്നാലും പരസ്പരം കർബാനസംസർഗ്ഗത്തിൽ ഈ രണ്ടു സഭകളും കഴിയുന്നില്ല. അദൃശ്യമായ ഐക്യം പാലിക്കുന്നുണ്ടെങ്കിലും, ദൃശ്യമായ ഐക്യം പാലിക്കപ്പെടുന്നില്ലെന്നു മാത്രമെ പറയുവാൻ സാധിക്കുകയുള്ളു. സുറിയാനി സഭയുടെ, കർത്താവിന്റെ സ്വഭാവത്തെപ്പററിയുള്ള കറയില്ലാത്ത ഉപദേശം സമ്മതിച്ച്, ആഭ്യന്തരവും ബാഹ്യവുമായ ഐക്യത്തിലെത്തുവാൻ യൌനായസഭയ്ക്ക് പ്രയാസമുണ്ടാകേണ്ട ആവശ്യമില്ല.

## 4. സുറിയാനിസഭയും മററു ചെറിയ ഓർത്തഡോക്സ് സഭകളും:

ചെറിയ ഓർത്തഡോക്സ് സഭകളാകുന്ന സുറിയാനി സഭയും, അർമ്മീനിയൻ, കോപ്റ്റിക്ക് എന്നീ സഭകളും തമ്മിൽ പ്രധാനപ്പെട്ടവയും അല്ലാത്തവയുമായ എല്ലാ വിശ്വാസകാര്യങ്ങളിലും യോജിച്ചു നിൽക്കുന്നു എന്നു പറയാവുന്നതാണ്. കർബ്ബാനസംസർഗ്ഗം പാലിച്ചുകൊണ്ട് മൂന്നുകൂട്ടരും ആന്തരികവും ബാഹ്യവുമായ ഐക്യത്തിൽ കഴിഞ്ഞുപോരുന്നു. അഭിപ്രായവ്യത്യാസങ്ങൾ ഇല്ലെന്നല്ല. ചില്ലറ അഭിപ്രായഭിന്നതകളുണ്ടെങ്കിൽ തന്നെയും ഈ സഭകളുടെ സമ്പൂർണ്ണഐക്യത്തെ അവ ശിഥിലമാക്കിയിട്ടില്ല.

## 5. സുറിയാനിസഭയും പ്രോട്ടസ്റ്റന്റ് സഭകളും:—

പ്രോട്ടസ്റ്റന്റു സഭകൾ, അഥവാ നവീകരണസഭകൾ അനേകവും അവയുടെ നില വിവിധങ്ങളുമാണ്. ഓരോ അവാന്തരവിഭാഗത്തെയും എടുത്ത് ചൂണ്ടിപറയേണ്ട ആവശ്യമില്ല. പൊതുവായ നിർവ്വചനം മതിയാകുന്നതാണ്. കർത്താവിന്റെ സ്വഭാവത്തെയും, പരിശുദ്ധാത്മാവിന്റെപുറപ്പാടിനെയും സംബന്ധിച്ച റോമാസഭയുടെ ഉപദേശരീതിയാണ് പ്രോട്ടസ്റ്റന്റു സഭകളിൽ മിക്കവാറും എല്ലാററിന്റെയും. ഇക്കാര്യങ്ങളിൽ പൌരസ്ത്യരീതി അവലംബിച്ചിട്ടുള്ളവരുമില്ലാതില്ല (മാർത്തോമ്മാസഭ) സഭ, കൂദാശകൾ, പൌരോഹിത്യം, പരിശുദ്ധന്മാരോടുള്ളപ്രാർത്ഥന, മരിച്ചുപോയ വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥന എന്നീ കാര്യങ്ങളിൽ സുറിയാനിസഭയുടെയും, ഇതര പൌരാണികസഭകളുടെയും ഉപദേശങ്ങളിൽനിന്നും വിഭിന്നമായ നിലയാണ് ഇവക്ക് പൊതുവേയുള്ളത്. മാമോദീസായിലെ വീണ്ടും ജനനം (Regeneration), വി. കുർബാനയിൽ അപ്പവും വീഞ്ഞും തിരുശരീരരക്തങ്ങളായിത്തീരുന്നത്, പാപം മോചിക്കുവാനുള്ള പട്ടക്കാരന്റെ അധികാരം മുതലായ മൌലികകാര്യങ്ങളെ അവർ നിഷേധിക്കുന്നു. ഈദൃശ പട്ടത്വാധികാരങ്ങളെ നിഷേധിച്ചുകൊണ്ടുള്ള അവരുടെ പട്ടത്വം ശരിയായ പട്ടത്വമായി കരുതുവാൻ നിവൃത്തിയില്ല. അവരുടെ പട്ടത്വത്തിന് ഹസ്താർപ്പണ പിൻതുടർച്ച ഉണ്ടെങ്കിൽതന്നെയും ശരിയായ ഉദ്ദേശസഫലത(Intention) ഇല്ലെന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ല. മേല്പറഞ്ഞ ഉപദേശവൈകല്യങ്ങൾ ഹേതുവായി പ്രോട്ടസ്റ്റന്റ് സഭകളും, പൌരാണിക സഭകളുമായി ആഭ്യന്തരമായോ, ബാഹ്യമായോ ഐക്യമുള്ളതായി കരുതുവാൻ നിവൃത്തിയില്ല.

പ്രൊട്ടസ്റ്റന്റു സഭകളും മററു സഭകളും തമ്മിൽ യാതൊരു യോജ്യതയുമില്ലെന്ന് അർത്ഥമാക്കേണ്ടതില്ല. പല ഉപദേശകാര്യങ്ങളിലും യോജിപ്പ് കണ്ടേക്കാം. പക്ഷേ, സഭയുടെ ഏകതാനതയെ സംരക്ഷിക്കുന്ന മൌലികവിശ്വാസകാര്യങ്ങളിലുള്ള പൊരുത്തമില്ലായ്മയെ അവഗണിക്കാവുന്നതല്ല.

മേൽ കൊടുത്ത വാദരീതിയിൽ നിന്നും സുറിയാനി സഭയോടുള്ള ബന്ധമനുസരിച്ച് സഭകളെ മൂന്നായി തരം തിരിക്കാം.

1. സുറിയാനി സഭയോട് ആന്തരികവും ബാഹ്യവുമായ ഐക്യമുള്ള സഭകൾ—അർമ്മീനിയൻ സഭ, കോപ്റ്റിക്ക് സഭ.

2. ദൃശ്യമായ ഐക്യമില്ലെങ്കിലും അന്യോന്യ കൂദാശാംഗീകരണത്താൽ ആന്തരികമായ ഐക്യം പാലിക്കുന്ന സഭകൾ റോമാസഭ, യൌനായസഭ, നെസ്തോർ സഭ.

3. ബാഹ്യമായൊ ആന്തരികമായൊ ഐക്യമില്ലാത്ത സഭകൾ—പ്രോട്ടസ്റ്റന്റു വിഭാഗങ്ങൾ.

സഭയുടെ നാലു ലക്ഷണങ്ങളിലൊന്നായ ഏകത്വത്തെപ്പററി ചിന്തിക്കുമ്പോൾ ക്രിസ്തുസഭ ദൃശ്യമായി വിഭജിക്കപ്പെട്ടിരിക്കുന്നെങ്കിലും, നാം വിചാരിക്കുന്നതുപോലെ അത്ര അനൈക്യത്തിലല്ല സ്ഥിതി ചെയ്യുന്നതെന്ന് മേൽ കൊടുത്തിരിക്കുന്ന വിവരണത്തിൽ നിന്നും കാണാവുന്നതാണ്. പ്രോട്ടസ്റ്റന്റുസഭകളും ഇതരസഭകളുമായി വലിയ പിളർപ്പു കാണുന്നുണ്ട്. മററു സഭകൾ തമ്മിൽ അവ അപ്രകാരം സമ്മതിക്കുന്നില്ലെങ്കിലും, അദൃശ്യമായും, ആന്തരികമായും ക്രിസ്തുവിൽ യോജിച്ചിരിക്കുന്നു. പ്രോട്ടസ്റ്റന്റു സഭകൾ ഒഴിച്ചുള്ള മററു സഭകൾ ഈ യോജിപ്പ് വേണ്ടവണ്ണം മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണ്. പട്ടത്വവും കൂദാശകളും ഈ സഭകൾ അന്യോന്യം സ്വീകരിക്കുന്നു. അതായത് ക്രിസ്തുവിന്റെ കൃപ ഇവയ്ക്കെല്ലാററിനും സമ്പൂർണ്ണമായി കിട്ടുന്നുണ്ട്. അങ്ങിനെയെങ്കിൽ അവയെല്ലാം ക്രിസ്തുവിന്റെ ശരീരത്തിൽ സ്ഥിതി ചെയ്യുന്നു എന്ന് സമ്മതിക്കേണ്ടതാണ്. തന്റെ ശരീരത്തിൽ സ്ഥിതി ചെയ്യുമ്പോൾ തന്നെ യോജിപ്പില്ലാതെ കാണുന്നതിനാൽ ആ യോജിപ്പില്ലായ്മയെ ക്രിസ്തുവിന്റെ ശരീരത്തിലെ മുറിവുകളെന്നു പറയാവുന്നതാകുന്നു. സഭൈക്യാർത്ഥം നടത്തപ്പെടുന്ന എക്യുമിനിക്കൽ പ്രസ്ഥാനങ്ങൾ അവയുടെ ഐക്യത്തെ സമ്പൂർണ്ണമാക്കുമെന്നും, മൌലികമായ തത്വങ്ങൾ സമ്മതിച്ചുകൊണ്ട് പ്രോട്ടസ്റ്റന്റു സഭകളും ഈ ഐക്യത്തിലേക്കു വന്നു ചേരുമെന്നും വിചാരിക്കാവുന്നതാണ്.

**ഓർത്തഡോക്സ് ഹെറാൾഡ്**

ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം— 60രൂപാ
രണ്ടുവർഷം—100രൂപാ

വിലാസം
ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം അരമന
കോട്ടയം—686 038

Phone 0481-8234

**Advisory Board**

Patron
H. H. Baselius Marthoma Mathews I
President
H. G. Geevarghese Mar Ivanios
Fr. Mathai Vilanilathu,
Fr. P.C. Geevarghese(USA)
Fr. Zachariah Perangattu.
Mr. P. J. Koshy (Bombay)
Mr.M.A.Abraham(Madras)
Mr. M.G.George Muthoot (Delhi)
Mr. T. O. Jacob,
Mr. P. V. Job
Mr. P. P. Mathew
Mr. John Mathews
Mr. K. O. Kurian
Dr. K. P. Johny

# കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ സ്ഥാനം

**കെ. എം. വർഗീസ്**

ഒന്നാം നൂററാണ്ടിൽ റോമൻ സാമ്രാജ്യത്തിൽ നിലനിന്ന സഭയെ പാശ്ചാത്യസഭയെന്നും പേർഷ്യൻ സാമ്രാജ്യത്തിലെ സഭയെ പൗരസ്ത്യസഭയെന്നും പൊതുവെ വിളിച്ചിരുന്നു. അങ്ങനെ പത്രോസ് ശ്ലീഹാ സ്ഥാപിച്ച അന്ത്യോക്യൻസഭ പാശ്ചാത്യവിഭാഗത്തിലും മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പേർഷ്യൻ സഭ പൗരസ്ത്യവിഭാഗത്തിലും വന്നു. മൂന്നാം നൂററാണ്ടിൽ (എ. ഡി. 231) പേർഷ്യയിൽ കാതോലിക്കാ സിംഹാസനം ഉണ്ടായി. പാശ്ചാത്യസഭയായ അന്ത്യോക്യയിലെ പാത്രിയർക്കീസ് കൂടുതൽ അധികാരങ്ങൾ ആവശ്യപ്പെടുകയും തർക്കങ്ങൾ ജനിക്കുകയും ചെയ്തു. 869-ൽ കപ്പർത്തൂത്താ സുന്നഹദോസ് ആ പ്രശ്നങ്ങൾ പരിഹരിച്ചു. ഇതനുസരിച്ച് കിഴക്കിന്റെ കാതോലിക്കായ്ക്ക്, പാത്രിയർക്കീസിനുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരുന്നു. പതിമൂന്നാം നൂററാണ്ടിൽ ബാർ എബ്രായ ഭദ്രാസനങ്ങൾ തിരിച്ചു. കൂടുതൽ മെത്രാന്മാരെ വാഴിക്കുകയും സഭാഭരണം വ്യവസ്ഥാപിതമാക്കാൻ ഹൂദായ കാനോൻ രചിക്കുകയും ആരാധനാഗാനങ്ങളും മററും എഴുതിച്ചേർത്ത് പരിഷ്ക്കരിക്കുകയും ചെയ്തു എന്നാണ് സഭാചരിത്രം പറയുന്നത്. ബാർ എബ്രായയുടെ കീഴിലുണ്ടായിരുന്ന മെത്രാന്മാരിൽ ആരെയെങ്കിലും 'കിഴക്കിന്റെ വലിയ മെത്രാൻ' എന്നു വിളിച്ചിരുന്നതായി ചരിത്രത്തിൽ കാണുന്നില്ല തന്നിമിത്തം കിഴക്കിന്റെ വലിയമെത്രാൻ എന്ന സ്ഥാനം ഒരു 'നവസൃഷ്ടി' ആണെന്ന് സുവ്യക്തം.

ഡമാസ്കസ് ആസ്ഥാനമായുള്ള സിറിയൻ ഓർത്തഡോക്സ് സഭയ്ക്കും അതിന്റെ തലവനായ സഖാപ്രഥമൻ പാത്രിയർക്കീസിനും പേർഷ്യൻ പ്രദേശങ്ങളാണ് ഇന്നും കിഴക്ക്. ഇന്ത്യ ഒരിക്കലും കിഴക്കായി വരുകയില്ലല്ലോ.

മലങ്കരസഭയുടെ ആസ്ഥാനമായ കോട്ടയത്തെ സംബന്ധിച്ചിടത്തോളം നിലയ്ക്കലും റാന്നിയുംമററുമാണ് കിഴക്ക്. തന്നിമിത്തം അവിടെ പ്രായമുള്ള ഒരു മെത്രാൻ ഉണ്ടെങ്കിൽ സഭയ്ക്കു അദ്ദേഹത്തെ കിഴക്കിന്റെ മെത്രാപ്പോലീത്താ എന്നു വിശേഷിപ്പിക്കാം. ഒന്നിലധികം മെത്രാന്മാരുണ്ടെങ്കിൽ 'കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ' എന്നു പറയുന്നതിൽ അർത്ഥമുണ്ട്.

ഇടുക്കി ഭദ്രാസനം മുഴുവൻ ഹൈറേഞ്ചിലാണ്. അവിടത്തെ ഏക മെത്രാപ്പോലീത്തായായും മാത്യൂസ് മാർ ബർന്നബാസിനെ 'ഹൈറേഞ്ചിന്റെ വലിയ മെത്രാപ്പോലീത്താ' എന്നു വേണമെങ്കിലും വ്യവഹരിക്കാം. അതിൽ അദ്ദേഹത്തിന് എതിർപ്പുണ്ടാകാൻ കാരണമില്ല. ഇവിടത്തെ യാക്കോബായ വിഭാഗത്തിൽനിന്ന് 1980-നു ശേഷം പൂർണ്ണമായി മാറി സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസിന്റെ കീഴിൽ സ്വതന്ത്രസ്വതന്ത്രമെന്നു പറഞ്ഞ് രേഖാമൂലം അറിയിച്ചു. നിലകൊള്ളുന്ന ക്നാനായ സമുദായത്തിന്റെ ഏകമെത്രാനാണ് ഇപ്പോൾ 'കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത' എന്ന സ്ഥാനം പാത്രിയർക്കീ

(ശേഷം 6—ാം പേജിൽ)

## ചരിത്രപശ്ചാത്തലത്തിലൊരു...

4—ാം പേജിൽനിന്നും തുടർച്ച

സന്ദർശിച്ചിട്ടുണ്ട്.

തുമ്പമൺ പോലൊരു വലിയ ഇടവകയെ പാലിക്കുവാൻ പ്രായാധിക്യം ഒരു തടസ്സമായി നില്ക്കുന്നതിനാൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി ഫീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്കോപ്പായെ നിയമിച്ചിരിക്കുന്നു

കോഴഞ്ചേരിക്കടുത്ത് നാരങ്ങാനം പുത്തൻപറമ്പിൽ പി. ജി. തോമസിന്റെ പുത്രനായി 1931 ജൂൺ 16-ന് ജനിച്ച അദ്ദേഹം ആലുവാ യു. സി. കോളേജിൽനിന്ന്, ഇന്റർമീഡിയേററും, ബി. എസ്സ്. സിയും പാസ്സായി. തുടർന്ന് സതേൺ റെയിൽവേയിൽ ഉദ്യോഗം സ്വീകരിച്ചു. എന്നാൽ 1962-ൽ ഉദ്യോഗം രാജിവച്ചു. പിന്നീട് സെറാമ്പൂരിൽ നിന്ന് ബി. ഡി. യും ബാംഗ്ളൂർ യു. ടി. സിയിൽ നിന്ന് എം. ടി. എച്ചും പാസ്സായി. ജനീവാ യൂണിവേഴ്സിററിയിൽനിന്ന് ദൈവശാസ്ത്രത്തിൽ പോസ്ററ് ഗ്രാഡ്വേററ് ഡിപ്ലോമായും നേടി.

1972 ഡിസംബർ 21-ന് ശെമ്മാശുപട്ടം സ്വീകരിച്ച അദ്ദേഹം 1974 ജൂൺ 7-ന് വൈദികനായി. ദുർഗ്ഗാപ്പൂർ സെന്റ് ജോർജ്ജ്, പുല്ലാട് സെന്റ് ജോർജ്ജ്, ലണ്ടൻ സെന്റ് ഗ്രീഗോറിയോസ്, കുമ്മനം സെന്റ് ജോർജ്ജ് എന്നീ പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറി, തടാകം ക്രിസ്തുശിഷ്യാശ്രമം സുപ്പീരിയർ, സെക്രട്ടറി, കൽക്കട്ടാ ബിഷപ്സ് കോളേജ് ലക്ചറർ, ആന്ധ്രാ ദുരിതാശ്വാസപ്രവർത്തനങ്ങളുടെ സെക്രട്ടറി, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി സഭാചരിത്രവിഭാഗം അദ്ധ്യാപകൻ എന്നീ നിലകളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1985 മെയ് 15-ന് പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽവച്ച് പ: കാതോലിക്കാബാവാ അദ്ദേഹത്തെ എപ്പിസ്കോപ്പാ ആയി വാഴിച്ചു. തുടർന്ന് തുമ്പമൺ ഭദ്രാസനത്തിന്റെ അസിസ്റ്റന്റായി നിയമിതനായി.

രണ്ടു പ്രഗത്ഭരും പ്രതിഭാശാലികളുമായ മെത്രാപ്പോലീത്തന്മാർ ഭരിക്കുന്ന തുമ്പമൺ ഭദ്രാസനം വളർന്നു വികസിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഭദ്രാസനത്തിന്റെ വകയായി ഒട്ടനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. സെന്റ് ബേസിൽ അരമനയും ചാപ്പലും, യൂത്ത്സെന്റർ, മാർ പീലക്സീനോസ് ഐ. ടി. സി, കാതോലിക്കേററ് കോളേജ്, ഭദ്രാസന സമാജമന്ദിരം എന്നിവ ഭദ്രാസനത്തിന്റെ കാലാകാലങ്ങളിലുള്ള വളർച്ചയുടെ നാഴികക്കല്ലുകളാണ്.

## കിഴക്കിന്റെ വലിയ...

4–ാം പേജിൽനിന്നും തുടർച്ച

സിൽനിന്നു നേടിയിരിക്കുന്നതു്. ഇക്കഴിഞ്ഞ ഹാശാ ആഴ്ചയിൽ പാത്രിയർക്കീസും ഏബ്രഹാം മാർ ക്ളിമ്മീസും ഗൾഫുനാടുകളിൽ ഉണ്ടായിരുന്നു. അവിടത്തെ കൂടിക്കാഴ്ചയെ തുടർന്നാണ് ഏപ്രിൽ നാലിനു് എഴുതിയ ഈ സ്ഥാനദാനകല്പന ഉണ്ടായതെന്നും ഓർക്കണം. ദീർഘനാളത്തെ 'സഭാശുശ്രൂഷകൾക്കാ'ണു് ഈ സ്ഥാനം നൽകിയിരുന്നതെന്നത്രേ ഔദ്യോഗികപത്രക്കുറിപ്പിൽ പറഞ്ഞിരിക്കുന്നതു്. സഭാശുശ്രൂഷ എന്നു പറഞ്ഞാൽ പ്രധാനമായും ഏഴു കൂദാശകളുടെ നിർവ്വഹണമാണു്. ഒരദ്ധ്യാപകൻ സ്കൂളിൽ എത്തി ക്ളാസ്സെടുക്കുന്നതുപോലെയാണു് ഒരു വൈദികൻ പള്ളിയിൽ എത്തി കർമ്മാദികൾ നടത്തുന്നതു്. അതു് ഒരു ചുമതലയാണു്.

ഇപ്പോൾ 'ഉന്നത സ്ഥാനം' ലഭിച്ച മേല്പട്ടക്കാരനു് യാക്കോബായ സഭയുടെ ഇവിടത്തെ സഭയ്ക്കു് സമാനമായ ബദൽ കാതോലിക്കാപദത്തിൽ എത്താൻ ഒരു വിധത്തിലും സാധ്യമല്ലെന്നുള്ള കാര്യം പകൽപോലെ വ്യക്തമാണു്. ക്നാനായ സമുദായം 1958–ലെ സഭാസമാധാനത്തിനു മുമ്പു് യാക്കോബായ വിഭാഗത്തിലായിരുന്നതിനാലാണു് ഏബ്രഹാം മാർ ക്ലിമ്മീസിനെ മണർകാടു് പള്ളിയിൽവച്ചു് ബദൽ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തതു്.

സുപ്രീംകോടതി 1958 സെപ്തംബർ 12-നു് പുറപ്പെടുവിച്ച സമുദായക്കേസ്സു് വിധിയിൽ പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമനാണു് യഥാർത്ഥ മലങ്കര മെത്രാപ്പോലീത്തായും കിഴക്കിന്റെ കാതോലിക്കായും എന്നു് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിരുന്നു. മലങ്കരയിൽ 1912–ൽ കാതോലിക്കാ സിംഹാസനം പുനഃസ്ഥാപിതമായതിനെ തുടർന്നു് പാത്രിയർക്കീസിനു് ഇവിടെയുണ്ടായിരുന്ന ആത്മീക അധികാരം ''അപ്രത്യക്ഷമാകുന്ന ബിന്ദുവിൽ എത്തി'' എന്നും വിധിയിൽ പറഞ്ഞിരുന്നു. തന്നിമിത്തം മലങ്കരയിൽ പാത്രീയക്കീസിനുണ്ടായിരുന്ന ആത്മികഅധികാരവും ഉണ്ടെന്നു നടിച്ചിരുന്ന ലൗകിക അധികാരവും ഇല്ലാതായി. അതുകൊണ്ടു് ഒരു വിദേശീയ പാത്രിയർക്കീസിനു് ഇവിടെയുള്ളവർക്കു് എന്തെങ്കിലും പരിഗണനയുടെ പേരിൽ സ്ഥാനം കൊടുക്കാനുള്ള ധാർമ്മികഅധികാരമില്ല അത്തരം സ്ഥാനങ്ങൾക്കു് കാര്യവിവരമുള്ളവർ വിലയും കല്പിക്കുകയുമില്ല

സഭാസമാധാനത്തെ തുടർന്നു് 1958 ഡിസംബറിൽ പുത്തൻകാവിൽ ചേർന്ന അസ്സോസിയേഷൻ യോഗത്തിൽ ''ആചന്ദ്രതാരം കാതോലിക്കേറ്റിന്റെ കീഴിൽ നിലകൊള്ളുമെന്നു്'' പരസ്യമായി പ്രസ്താവിക്കുകയും, പരിശുദ്ധ കാതോലിക്കാബാവായെ അനുസരിച്ചുകൊള്ളാമെന്നു എഴുതിക്കൊടുക്കുകയും ചെയ്ത പൗലൂസ് മാർ പീലക്സിനോസിനെ ശിക്ഷിച്ച സുന്നഹദോസിൽ ഇരുന്നുകൊണ്ടു് അതു ശരിവയ്ക്കുകയും പിന്നീടു് ആ വിഘടിതമെത്രാന്റെ നിലപാടു ശരിവയ്ക്കുകയും സഭയിൽ പിളർപ്പിനു് വീണ്ടും വളമിടുകയും ചെയ്ത 'വൻ സേവനങ്ങൾക്കുള്ള' അംഗീകാരമാണിതെന്നു് ഒരു പക്ഷേ ചരിത്രം തെളിയിച്ചേക്കും.




V. C. George
U. S. A.

## പ്രതികരണം

## ഭദ്രാസന വിഭജനം ആവശ്യം

'ഭദ്രാസന വിഭജനം' എന്ന വാർത്ത വായിച്ചു. ഭംഗിയായി തോന്നി–താഴെ പറയുന്ന നിർദ്ദേശം അയയ്ക്കുന്നു.

1) ഇപ്പോൾ നമ്മുടെ സഭയിൽ മഹാപുരോഹിതന്മാരുൾപ്പെടെ–19 മെത്രാപ്പോലീത്തന്മാരാണല്ലോ ഉള്ളതു്. വരുന്ന ഡിസംബറിൽ 5 പേരെ കൂടി തിരഞ്ഞെടുക്കുന്നു. ആകെ 24 പേർ ആയതു മതിയാകുന്നില്ല

2) ഒരു മെത്രാപ്പോലീത്താക്കു്–ഒരു ഭദ്രാസനവും ഒരു ഭദ്രാസനത്തിൽ 52–ൽ അധികരിക്കാത്ത പള്ളികളും ആവശ്യമുള്ള മെത്രാന്മാരേയും നിയമിച്ചു് മെത്രാപ്പോലീത്തന്മാർ-ഒരു ഞായറാഴ്ച ഒരുപള്ളി വീതം സന്ദർശിച്ചു് ഇടവകയിലെ അംഗങ്ങളെ നേരിൽകണ്ടും മദ്യം–മയക്കുമരുന്നു മുതലായ വിപത്തുകളിൽനിന്നു് അകററി നിറുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തും പരാതികൾ കേട്ടു് തീർപ്പു കല്പിച്ചും ഒരു വർഷം കൊണ്ടു് എല്ലാ പള്ളികളും സന്ദർശിക്കുന്നതായാൽ മററു സഹോദരസഭകളിൽനിന്നും വ്യത്യസ്തമായി നമ്മുടെ സഭയിലെ അംഗങ്ങൾ നന്നായി വരുവാൻ ഇടയാകുമെന്നും ഈ നിർദ്ദേശം സൈനഡ് മുമ്പാകെ ഹാജരാക്കി വേണ്ടതു ചെയ്യുമെന്നും വിശ്വസിക്കുന്നു.

എം. സി. സ്കറിയ

കരിമാന്തറ പുത്തൻപുരയിൽ

## പനയമ്പാല സെന്റു് മേരീസ് മികച്ച യൂണിററു്

മല്ലപ്പള്ളി: മല്ലപ്പള്ളി ബഥനി പള്ളിയിൽ കൂടിയ മല്ലപ്പള്ളി ഡിസ്ട്രിക്ട് യുവജന പ്രസ്ഥാന വാർഷികയോഗം കഴിഞ്ഞ വർഷത്തെ ഏററവും മികച്ച യൂണിററായി പനയമ്പാല സെന്റു് മേരീസ് യൂണിററിനെ തെരെഞ്ഞെടുത്തു. മികച്ച യൂണിററിനുള്ള എവർറോളിംഗ് ട്രോഫി ഡിസ്ട്രിക്ട് പ്രസിഡന്റു് ഫാ. നൈനാൻ വറുഗീസിൽനിന്നു് സുനിൽ കെ. ഈശോ ഏററു വാങ്ങി. യോഗത്തിൽ ഫാ. കെ പി. ഈപ്പൻ അദ്ധ്യക്ഷനായിരുന്നു. ഭദ്രാസന വൈസ്പ്രസിഡന്റു് ഫാ. ജോർജ്ജ് പനയ്ക്കാമററം, ഫാ. വറുഗീസ് ജോൺ, ഫാ. ജോർജ് പി. ഏബ്രഹാം, ഫാ. നൈനാൻ വറുഗീസ്, ഭദ്രാസന സെക്രട്ടറി മാത്യു വറുഗീസ്, ബാബു കൂടത്തിൽ എന്നിവർ പ്രസംഗിച്ചു. ജോൺ ചാക്കോ സ്വാഗതവും ഓർഗനൈസർ എബി എം. എ. കൃതജ്ഞതയും പറഞ്ഞു.

## ഒന്നാം സ്ഥാനം നേടി



യുവജനപ്രസ്ഥാനം അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തിയ കലാമത്സരത്തിൽ സംഗീതത്തിനും സമൂഹഗാനത്തിനും ഒന്നാം സമ്മാനം ലഭിച്ച തോമസ്. പി. ജോൺ കൊട്ടാരക്കര.

## സിസ്റ്റർ മേരി നിര്യാതയായി

കിഴക്കമ്പലം: ബേത്‌ലഹേം ദയറായിലെ (സെന്റു് മേരീസ് കോൺവെന്റു്) അംഗവും അസിസ്റ്റന്റു് സുപ്പീരിയറും, ഗേൾസ് ഹൈസ്കൂൾ മാനേജരുമായിരുന്ന സിസ്റ്റർ മേരി മെയ് 25–നു് നിര്യാതയായി. പെരുമ്പാവൂർ തോമ്പ്ര കല്ലറയ്ക്കപ്പറമ്പിൽ കുടുംബാംഗമായിരുന്ന സിസ്റ്റർ, മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ സഹോദരിയാണു്.

## സ്കോളർഷിപ്പ് നൽകുന്നു

പറപ്പള്ളിത്താഴെ മാത്യു ആന്റു് മറിയാമ്മ മെമ്മോറിയൽ ചാരിററബിൾ ട്രസ്ററു് മിടുക്കരായ സ്കൂൾ കോളേജ് വിദ്യാർത്ഥിനികൾക്കു് 1000 രൂപയുടെ സ്കോളർഷിപ്പ് നൽകുന്നു. അപേക്ഷകർ കോട്ടയം ഭദ്രാസനത്തിൽപ്പെട്ടവരും കോട്ടയം പട്ടണത്തിനു് പുറത്തുള്ളവരും ആയിരിക്കണം. മത്തമറിയം സമാജത്തിന്റെ സജീവപ്രവർത്തകയും ആയിരിക്കണം. താത്പര്യമുള്ളവർ വികാരിയുടെ സാക്ഷ്യപത്രം സഹിതം താഴെപ്പറയുന്ന വിലാസത്തിൽ അപേക്ഷിക്കുക.

Parappallythazhay
Mathew and Mariamma
Memorial Charitable Trust,
131, Gulmohan Park Enclave, New Delhi–110049.

## ബസ്ക്യാമ്മ...

1–ാം പേജിൽ നിന്നും തുടർച്ച

ണു് ഭാരവാഹികൾ. മെയ് 12, 13 തീയതികളിൽ പരുമലയിൽ കൂടിയ അസോസിയേഷന്റെ യോഗത്തിലാണു് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തതു്,




Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam, Kottayam-686 038